# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുതുകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P.4/1086/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/09/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതുകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P.4/1086/2022 തീയ്യതി: 29/09/2022

## ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് .ആർ | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2022 | 01-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-08-2022 | 01-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ദീപ കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുഷ റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഉണ്ണികൃഷ്ണൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. കെ വി ജ്യോതി പ്രഭ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ബീനാമോൾ ജെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീരമ്യ | കൃഷി ഓഫീസർ | 01-04-2021 | 29-09-2021 |
| ശ്രീമതി ഐശ്വര്യ ടി | കൃഷി ഓഫീസർ | 30-09-2021 | 22-10-2021 |
| ഒഴിവ് | കൃഷി ഓഫീസർ | 23-10-2021 | 02-01-2022 |
| ശ്രീമതി ഐശ്വര്യ ടി | കൃഷി ഓഫീസർ | 03-01-2022 | 04-03-2022 |
| ശ്രീമതി നാജിത ജെ | കൃഷി ഓഫീസർ | 05-03-2022 | 31-03-2022 |
| ഡോ ഐസക്ക്സാം | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| നിള.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ തനൂജ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ അജിത്ത്കുമാർ | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2021 | 31-03-2022 |
| ഡോ സുനിൽകുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി ഓമന | ഹെഡ്മിസ്ട്രസ്സ് ഗവ.യു.പി.എസ്. | 01-04-2021 | 31-03-2022 |
| ശ്രീമതി ലിജി.ബി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ കിരൺ കെ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രിയങ്ക | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി സിബി സോമൻ | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-09-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-09-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം (എസിആർ പ്രകാരം)<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-09-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-09-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-7 |
| 9 | ക്യാഷ് പരിശോധന റിപ്പോർട്ട്<br>Written By: Unnikrishnan C (Senior Grade Auditor, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 03-09-2022)<br>Last Updated By: P.Sabu (Audit Officer (HG), On 12-09-2022) | 1-10 |
| 12 | വസ്തുനികുതി -റോഡ് സൌകര്യം പരിഗണിക്കാതെ വസ്തുനികുതി ചുമത്തിയത് വരുമാന ചോർച്ചക്കിടയാക്കി<br>Written By: Unnikrishnan C (Senior Grade Auditor, On 10-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-11 |
| 13 | സാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തെ വസ്തുനികുതി ചുമത്തിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 05-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-12-1 |
| 14 | മൊബൈൽ ടവറുകളെ പൂർണ്ണമായും വസ്തുനികുതി ചുമത്തിയിട്ടില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 11-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-12-2 |
| 15 | വസ്തുനികുതി- എല്ലാ ഉപയോഗക്രമങ്ങൾക്കുമുള്ള വസ്തുനികുതി നിരക്ക് നിശ്ചയിച്ച് തീരുമാനം എടുത്തില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 10-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-13 |
| 16 | ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയായിക്ക് വസ്തുനികുതി ചുമത്തുന്നില്ല- ഗ്രാമപഞ്ചായത്തിന് വസ്തുനികുതി നഷ്ടം | 1-14 |

| | | |
|---|---|---|
| | Written By: Unnikrishnan C (Senior Grade Auditor, On 10-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | |
| 17 | റേഷൻ ഷോപ്പുകൾ പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു- ലൈസൻഫീസ്, തൊഴിൽ നികുതി ഇനത്തിൽ തനത് വരുമാനം നഷ്ടമാകുന്നു<br>Written By: Unnikrishnan C (Senior Grade Auditor, On 05-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-15 |
| 18 | എം.ജി.എൻ.ആർ.ഇ.ജി.എസ് ബ്ലോക്ക് പ്രോഗ്രാം ഓഫീസിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയില്ല.<br>Written By: Unnikrishnan C (Senior Grade Auditor, On 05-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-16-1 |
| 19 | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 10-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-16-2 |
| 20 | ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഡ്രൈവറുടെ തൊഴിൽ നികുതി ചുമത്തുന്നില്ല.<br>Written By: Unnikrishnan C (Senior Grade Auditor, On 10-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 26-09-2022) | 1-16-3 |
| 21 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തിട്ടില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 10-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 26-09-2022) | 1-16-4 |
| 22 | കുടിവെള്ള ഉപപദ്ധതിയുടെ മോട്ടോർ സ്ഥാപിക്കലും അറ്റകുറ്റപ്പണിയും - ചെലവിനെ സാധൂകരിക്കുന്നതിനായി ഹാജരാക്കിയ ബില്ലിന്റെ ആധികാരികതയിൽ ഉറപ്പില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-09-2022)<br>Last Updated By: P.Sabu (Audit Officer (HG), On 13-09-2022) | 1- 17 |
| 23 | വെള്ളക്കരം അടവാക്കൽ - യഥാസമയം ഒടുക്ക് വരുത്തിയില്ല – പലിശ ഇനത്തിൽ അധിക ചെലവ്<br>Written By: Deepa.K.Gopal (Asst. Audit Officer, On 04-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 26-09-2022) | 1-18 |
| 24 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-19 |
| 25 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത – സ്പോർട്സ് ഉപകരണങ്ങളിൽ ഉൾപ്പെടുത്തി ഷൂ വാങ്ങുന്നതിന് തുക ചെലവഴിച്ചു<br>Written By: Deepa.K.Gopal (Asst. Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1- 20 |
| 26 | ജലജീവൻ മിഷൻ - ഗാർഹിക കുടിവെള്ള കണക്ഷനായി വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചു - പ്രോജക്ട് നിർവ്വഹണം നടത്തിയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 04-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 26-09-2022) | 1-21 |
| 27 | കോവിഡ് അനുബന്ധപ്രവർത്തനങ്ങൾ - സാധൂകരണരേഖകൾ ഹാജരാക്കിയില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 03-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1- 22 |
| 28 | വിവാഹധനസഹായം - മാതാപിതാക്കളുടെ അക്കൌണ്ടിലേക്ക് തുക | 1-23 |

| | | |
|---|---|---|
| | നൽകിയില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | |
| 29 | കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൌസ് നിർമ്മാണം - തുകയുടെ വിനിയോഗവിവരം ലഭ്യമല്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-09-2022)<br>Last Updated By: P.Sabu (Audit Officer (HG), On 13-09-2022) | 1-24 |
| 30 | സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ - തുക കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചുവെങ്കിലും പ്രവർത്തി പൂർത്തീകരിച്ചില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-25 |
| 31 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ - ഗുണഭോക്താവിന്റെ മരണത്തെ തുടർന്ന് ഉപകരണം വിതരണം ചെയ്യാനായില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 04-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 26-09-2022) | 1-26 |
| 32 | പാലിയേറ്റീവ് കെയറിനുള്ള മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-27 |
| 33 | ആയുർവ്വേദ മരുന്ന് ലഭിയ്ക്കുന്നതിൽ കാലതാമസം<br>Written By: Susha.T.Pillai (Asst. Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-28 |
| 34 | ഭൂമി മണ്ണിട്ടുയർത്തൽ പദ്ധതി -തുടർ പ്രവർത്തനങ്ങൾക്ക് സർക്കാർ അനുമതി അനിവാര്യം<br>Written By: Susha.T.Pillai (Asst. Audit Officer, On 02-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2022) | 1-29 |
| 35 | തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്ക് അനുവദിക്കുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-30 |
| 36 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ -എസ്റ്റിമേറ്റിൽ അധികരിച്ച് തുക ചെലവഴിച്ചു.<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-31 |
| 37 | ആലംകോട്ട് വാഴവന റോഡിൽ ഓട നിർമ്മാണം -എസ്കവേറ്റ് ചെയ്ത മണ്ണ് ലേലം ചെയ്തില്ല.<br>Written By: Sajitha Das (Audit Officer (HG), On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-32 |
| 38 | കരയോഗം കുമ്പളത്ത് റോഡ് റീടാറിംഗ് - പ്രവൃത്തി ഇതേ വരെയും പൂർത്തീകരിച്ചില്ല<br>Written By: Sajitha Das (Audit Officer (HG), On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-33 |
| 39 | നെടുവക്കാട് ഗായത്രി റോഡ് പാർശ്വഭിത്തി നിർമ്മാണം-എസ്കവേറ്റ് ചെയ്ത മണ്ണിന്റെ അളവ് ഫില്ലിംഗിന്റെ അളവിൽ നിന്നും കുറവ് ചെയ്തില്ല.<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-34 |
| 40 | ഇടശ്ശേരി കാടാശ്ശേരി റോഡ് റീ-ടാറിംഗ് - പിഴ ഈടാക്കിയതിൽ കുറവ്<br>Written By: Sajitha Das (Audit Officer (HG), On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-35 |
| 41 | ആശുപത്രി കല്ലേലിൽ റോഡ് ടാറിംഗ് വാർഡ് 11-പിഴ ഈടാക്കി കാലയളവ് | 1-36 |

| | | |
|---|---|---|
| | ദീർഘിപ്പിച്ചിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 02-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2022) | |
| 42 | വീട് മെയിന്റനൻസ് - എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാതെ തുക അനുവദിച്ചു<br>Written By: Deepa.K.Gopal (Asst. Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-37 |
| 43 | എസ്സ്.സി. വീട് മെയിന്റനൻസ് - ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ തുക അനുവദിച്ചു<br>Written By: Deepa.K.Gopal (Asst. Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-38 |
| 44 | ആശ്രയ ഭവനപുനരുദ്ധാരണം - എസ്റ്റിമേറ്റ്, മൂല്യനർണ്ണയ സാക്ഷ്യപത്രം എന്നിവയില്ലാതെ തുക നൽകി<br>Written By: Deepa.K.Gopal (Asst. Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-39 |
| 45 | ലൈഫ് ഭവനപദ്ധതി - 2018-19 ൽ തുക കൈപ്പറ്റിയവർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 04-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2022) | 1-40 |
| 46 | സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുത ബിൽ- മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല- വിളക്കുകളുടെ എണ്ണത്തിന്റെ കൃത്യത സംയുക്ത പരിശോധനക്ക് വിധേയമാക്കണം<br>Written By: Unnikrishnan C (Senior Grade Auditor, On 11-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-41 |
| 47 | സാമൂഹ്യസുരക്ഷപെൻഷനുകൾ അനർഹർക്ക് ലഭിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തണം- അനർഹമായി വിതരണം ചെയ്ത തുക തിരികെ ഈടാക്കണം<br>Written By: Unnikrishnan C (Senior Grade Auditor, On 11-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-42 |
| | **ഭാഗം 2** | |
| 1 | വസ്തുനികുതി -റോഡ് സൌകര്യം പരിഗണിക്കാതെ വസ്തുനികുതി ചുമത്തിയത് വരുമാന ചോർച്ചക്കിടയാക്കി- വസ്തുനികുതി പുനനിർണ്ണയിച്ച് നഷ്ടമായ തുക ഈടാക്കേണ്ടതാണ്<br>Written By: Unnikrishnan C (Senior Grade Auditor, On 26-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 2-1 |
| 2 | ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഡ്രൈവറുടെ തൊഴിൽ നികുതി ഈടാക്കിയില്ല-<br>Written By: Unnikrishnan C (Senior Grade Auditor, On 26-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 2-2 |
| | **ഭാഗം 3** | |
| 1 | വെള്ളക്കരം അടവാക്കൽ - യഥാസമയം ഒടുക്ക് വരുത്താതിനാൽ പലിശ ഒടുക്കേണ്ടി വന്നു<br>Written By: Deepa.K.Gopal (Asst. Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 3-1 |
| 2 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത – സ്പോർട്സ് ഉപകരണങ്ങളിൽ ഉൾപ്പെടുത്തി ഷൂ വാങ്ങുന്നതിന് തുക ചെലവഴിച്ചു<br>Written By: Deepa.K.Gopal (Asst. Audit Officer, On 04-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 3-2 |

| | | |
|---|---|---|
| 3 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ ,So90/21 - എസ്റ്റിമേറ്റിൽ അധികരിച്ച് തുക ചെലവഴിച്ചു<br>Written By: Sajitha Das (Audit Officer (HG), On 08-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 3-3 |
| 4 | നെട്ടുവക്കാട് ഗായത്രി റോഡ് പാർശ്വഭിത്തി നിർമ്മാണം ,So144/21 - അപാകതകൾ<br>Written By: Sajitha Das (Audit Officer (HG), On 08-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 3-4 |
| 5 | ഇടശ്ശേരി കാടാശ്ശേരി റോഡ് റീ-ടാറിംഗ്, So53/21 - പിഴ ഈടാക്കിയതിൽ കുറവ്<br>Written By: Sajitha Das (Audit Officer (HG), On 08-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 08-09-2022) | 3-5 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-09-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: P.Sabu (Audit Officer (HG), On 23-09-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 02-09-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sajitha Das (Audit Officer (HG), On 01-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sajitha Das (Audit Officer (HG), On 04-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-09-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sajitha Das (Audit Officer (HG), On 04-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-09-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sajitha Das (Audit Officer (HG), On 04-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-09-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sajitha Das (Audit Officer (HG), On 04-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 04-09-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sajitha Das (Audit Officer (HG), On 04-09-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 27-09-2022) | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sajitha Das (Audit Officer (HG), On 02-09-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 20/02/21 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 243944500 | 24676000 |
| വാർഷിക കണക്ക് പ്രകാരം | 150163675 | 148507299 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 21.04.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1)തൊഴിൽ നികുതി-ട്രേഡേഴ്സിന്റെയും സ്ഥാപനങ്ങളുടെയും പ്രൊഫഷണൽസിന്റെയും തൊഴിൽ നികുതി : തൊഴിൽ നികുതി കുടിശ്ശികയുണ്ട്. എന്നാൽ വാർഷിക കണക്കുകളിലെ B-15 പട്ടികയിലിത് ഉൾപ്പെടുന്നില്ല.

2)സോഴ്സ് ഡിഡക്ഷൻ തുകകൾ സുലേഖയിൽ ഉൾപ്പെടുത്തിയില്ല- ഉറവിടത്തിൽ കുറവ് ചെയ്ത തുക പ്രോജക്ട് ആവിഷ്കരിച്ച് സുലേഖ പ്ലാൻ ചെലവ് കണക്കുകളിൽ ഉൾപ്പെടുത്തിയില്ല.

3)ഗുണഭോക്തൃവിഹിതമിനത്തിൽ ബാധ്യതയായി തുടരുന്ന 634647 രൂപയുടെ കൃത്യത പരിശോധി ച്ചുറപ്പാക്കാനായില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12848014 |
| വരവ് | 59205721 |
| ആകെ | 72053735 |
| ചെലവ് | 60558249 |
| നീക്കിയിരിപ്പ് | 11496486 |
| വരവിനങ്ങളിലെ നഷ്ടം | 4166 |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ നിരാകരിച്ച തുക | 59388 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3967395 |

## 1-4 ഗ്രാന്റ് വിനിയോഗം (എസിആർ പ്രകാരം)

| ക്രമ നമ്പർ | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP 6 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട്-പൊതുവിഭാഗം* | 11990000 | 3266468 | 8723532 | 11990000 | 0 |
| 2 | വികസന ഫണ്ട്-എസ്.സി.പി * | 4231000 + 497800* | 146666 | 3904974 | 3904974 | 677160 |
| 3 | സംരക്ഷണ ഗ്രാന്റ്-റോഡ് | 7204000 | 0 | 5999414 | 5999414 | 1595163 |

| ക്രമ നമ്പർ | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP 6 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| | | +390577* | | | | |
| 4 | സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 4818000<br>+35319**<br>+58712 * | 0 | 3924943 | 3924943 | 1887088 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട് | 4768180 | 0 | 3130925 | 3130925 | 1637255 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied Basic Grant | 2946764 | 0 | 2881131 | 2881131 | 65633 |

*സ.ഉ.(സാധാ) നം. 2617/2022/ധന. പ്രകാരം അനുവദിച്ച ക്യാരി ഓവർ തുക

** വോട്ടിംഗ് മെഷീനായി കുറവ് ചെയ്ത തുക തിരികെ അനുവദിച്ചത്

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ചെലവ് ACR, വാർഷിക കണക്കുകൾ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ACR ലെ ചെലവ് വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഇനം | തുക | ഫണ്ടിനം |
|---|---|---|---|
| 1 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 2346668 | വികസന ഫണ്ട് (പൊതുവിഭാഗം) |
| 2 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 146666 | വികസനഫണ്ട് (പൊതുവിഭാഗം) |
| 3 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാനുള്ള തുക | 919800 | വികസന ഫണ്ട് (പൊതുവിഭാഗം) |
| | ആകെ - | 3413134 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 104 | 53440372 | 86 | 34910641 | 3 | 18 | 83% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1160075 | 1160075 | 1159292 | 783 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 53048592 | 53048592 | 53048592 | |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69000 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 4914800 | 313 |
| വിധവാ പെൻഷൻ | 12649200 | 867 |
| വാർദ്ധക്യകാല പെൻഷൻ | 24858300 | 1880 |
| വികലാംഗ പെൻഷൻ | 4446200 | 288 |
| അവിവാഹിത പെൻഷൻ | 1048000 | 70 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന റിപ്പോർട്ട്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-8-22-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12421/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

4.സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

5.റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

6.പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. പുതിയ നിർമ്മാണങ്ങൾ, നിലവിലുള്ള ആസ്തികളിൽ പിന്നീട് വരുത്തുന്ന മെയിന്റനൻസുകൾ എന്നിവയൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്ററിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ശ്മശാന ഭൂമിയുണ്ട്. കൂടാതെ 2020 ൽ എം.സി.എഫ് സ്ഥാപിക്കുന്നതിനായി ഭൂമി വാങ്ങിയിട്ടുമുണ്ട്. എന്നാൽ ഇവയൊന്നും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടാതെ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, തൊഴിലുറപ്പ് പദ്ധതി, എം.എൽ.എ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് ധാരാളം നിർമ്മാണപ്രവൃത്തികൾ ഈ മേഖലയിൽ നടത്തുന്നുണ്ടെങ്കിലും അതൊന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല. ഭൂരിഭാഗം തനത് ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നത് വളരെ ഗൗരവകരമായി വീക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമികൾ ഉൾപ്പെടെയുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 വസ്തുനികുതി -റോഡ് സൌകര്യം പരിഗണിക്കാതെ വസ്തുനികുതി ചുമത്തിയത് വരുമാന ചോർച്ചക്കിടയാക്കി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. ടി ചട്ടത്തിലെ പട്ടിക-2 കെട്ടിടത്തിലേക്കുള്ള വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴിസൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ പരിശോധനയിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വഴി സൌകര്യത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി സൌകര്യം രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ചുവടെ ചേർക്കുന്ന പട്ടികയിലെ എല്ലാ കെട്ടിടങ്ങൾങ്ങൾക്കും 1.5 മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വഴി സൌകര്യം എന്ന നിലക്കാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ നമ്പരും ഉടമയുടെ പേരും ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | റോഡിന്റെ വിസ്തൃതി | ആകെ വിസ്തൃതി | അടിസ്ഥാന വസ്തുനികുതി നിരക്ക് | റോഡ് വിസ്തൃതിക്കനുസൃതമായ വർദ്ധനവ് ചുമത്താത്തത് മൂലമുള്ള നഷ്ടം* |
|---|---|---|---|---|---|---|
| 1 | 7/133 A | രാഹുൽ.ആർ, അമ്പാടി | 6 M റോഡ് | 124.53 | 7 | 259.434 |
| 2 | 10/371 B | രജീഷ്, റോഷ്മ, രവിമന്ദിരം | 6 M റോഡ് | 39.06 | 40 | 312.48 |
| 3 | 10/213 F | ഗോപി ആചാരി, ചിൻമയ | 6 M റോഡ് | 21.78 | 40 | 174.24 |
| 4 | 2/361 C | ജയചന്ദ്രൻ പിള്ള, കല്ലേലിൽ തെക്കതിൽ | 6 M റോഡ് | 124.49 | 50 | 1244.9 |
| 5 | 11/300 A | സുനിൽ, നിവേദ്യം | 6m റോഡ് | 116.98 | 7 | 293.174 |
| 6 | 2/461 G | ഗോമതി, പുളിക്കൽ | 6m റോഡ് | 110.14 | 7 | 163.62 |
| 7 | 3/368 B | ശ്രീകുമാരി, താനത്തുപറമ്പിൽ | 6m റോഡ് | 176.95 | 7 | 247.73 |

റോഡ് വിസ്തൃതിക്കനുസൃതമായി കെട്ടിടങ്ങളെ വസ്തുനികുതി ചുമത്തി ഈടാക്കാത്തതുമൂലം വസ്തുനികുതി ഡിമാൻഡിൽ 2695.578 രൂപയുടെ കുറവുണ്ടായി (*നികുതി അപ്പർറൌണ്ടിംഗ് ആയതിനാൽ ആകെ വസ്തുനികുതിയിൽ ചെറിയ മാറ്റം വന്നേക്കാം). വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-12-1 സാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തെ വസ്തുനികുതി ചുമത്തിയില്ല

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(1)(iii) പ്രകാരം വിദ്യാഭ്യാസ ആവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ചീടാക്കപ്പെടേണ്ട സാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. ബുദ്ധ എജ്യുക്കേഷൻ ട്രസ്റ്റ് മുതുകുളം എന്ന പേരിലുള്ള വിദ്യാഭ്യാസക്യാമ്പസിലുള്ളതും സാശ്രയ വിദ്യാഭ്യാസ സ്ഥാപനവുമായ ബുദ്ധ കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷന്റെ കെട്ടിടങ്ങളെ ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തിയിട്ടില്ല. ഈ സ്ഥാപനത്തിന്റെ വിസ്തൃതി ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | കെട്ടിടം | വിസ്തൃതി |
|---|---|---|
| 1 | എഡ്യൂക്കേഷൻ സെന്റർ | 1969.02 ച.മീ |
| 2 | ഹോസ്റ്റൽ | 244.88ച.മീ |

(ഓഡിറ്റ് ബാച്ചിന്റെ ആവശ്യപ്രകാരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരം)

സാശ്രയ വിദ്യാഭ്യാസ വിദ്യാഭ്യാസസ്ഥാപനം ഉപയോഗിക്കുന്ന കെട്ടിടങ്ങളെ വസ്തുനികുതി ചുമത്തി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-12-2 മൊബൈൽ ടവറുകളെ പൂർണ്ണമായും വസ്തുനികുതി ചുമത്തിയിട്ടില്ല

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായി ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ലെ സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സഞ്ചയ ഡേറ്റാബേസ് പ്രകാരം 2 മൊബൈൽ ടവറുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളത്. ഓഡിറ്റ് ബാച്ചിന്റെ ആവശ്യപ്രകാരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതോ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി ചുമത്താത്തതോ ആയ 7 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുണ്ട്. ഇതിൽ രണ്ടെണ്ണം മാത്രമാണ് സഞ്ചയ ഡേറ്റ ബേസിൽ ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | ഉടമയുടെ പേര്/ സമീപ കെട്ടിടം | വസ്തുനികുതി ചുമത്തിയോ ഇല്ലയോ എന്ന് | കെട്ടിട നം. |
|---|---|---|---|---|
| 1 | 4 | Vodafoneidea(Vi)<br>മാനേജർ, ഐഡിയ സെല്ലുലാർ | സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്നു | 4/547 |
| 2 | 4 | (Reliance)<br>രാജലക്ഷമി പിള്ള,കുന്നിയേൽ വീട് | സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്നു | 4/543 |
| 3 | 5 | BSNL<br>സമീപ കെട്ടിട നമ്പർ 5/31<br>ഉടമസ്ഥൻ-ഷാജി, ഒന്നാംകുറ്റി | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | --- |
| 4 | 2 | Idea<br>സമീപ കെട്ടിട നമ്പർ -2/203<br>ഉടമസ്ഥൻ-ഹരിപ്രസാദ്, കോയിപ്പുറത്ത് | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | --- |
| 5 | 10 | ATC<br>സമീപ കെട്ടിട നമ്പർ -13/180 B<br>ഉടമസ്ഥൻ-കൃഷ്ണകുമാർ കോട്ടുകുളഞ്ഞിയിൽ<br>(കെട്ടിടനിർമ്മാണ പെർമ്മിറ്റ് എടുത്തിട്ടുണ്ട്) | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | --- |
| 6 | 13 | സമീപ കെട്ടിട നമ്പർ -2/203<br>ഉടമസ്ഥൻ-ഹരിപ്രസാദ്, കോയിപ്പുറത്ത് | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | --- |
| 7 | 6 | JIO<br>സമീപ കെട്ടിട നമ്പർ -6/160 | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | --- |


| | | | | |
|---|---|---|---|---|
| | | ഉടമസ്ഥൻ-ഉഷ | | |

മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റനുബന്ധ ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം, ജനറേറ്റർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണവകുപ്പിന്റെ ആർ ഡി 3/94/2020/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. വസ്തുനികുതി നിർണ്ണയിച്ച മൊബൈൽ ടവറുകളും ഫീൽഡ് തല പരിശോധനക്ക് വിധേയമാക്കി വിസ്തൃതി സംബന്ധിക്കുന്ന വിവരങ്ങൾ പുനപരിശോധിച്ച് യഥാർത്ഥ വിസ്തൃതിയുടെ (ബേസ് ഭാഗം, ബാറ്ററി ജനറേറ്റർ റൂം ഉൾപ്പെടെ) അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

നിരവധി മൊബൈൽ ടവർ ഉടമകൾ നികുതി ശൃംഖലക്ക് പുറത്താണ് എന്നത് വലിയ വരുമാന ചോർച്ചക്കിടയാക്കുന്നു. മേൽ വിഷയങ്ങൾ പരിഹരിക്കുന്നതിനൊപ്പം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ചുമത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 വസ്തുനികുതി- എല്ലാ ഉപയോഗക്രമങ്ങൾക്കുമുള്ള വസ്തുനികുതി നിരക്ക് നിശ്ചയിച്ച് തീരുമാനം എടുത്തില്ല

വസ്തുനികുതി ചുമത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിർദ്ദേശിക്കുന്ന ഓരോ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ നിർദ്ദേശിക്കുന്നുണ്ട്. സർക്കാരിന്റെ ആദ്യ വിജ്ഞാപനത്തിനുശേഷം പുതിയ ഉപയോഗക്രമങ്ങളോ ഉപവിഭാഗങ്ങളോ നിർദ്ദേശിക്കപ്പെടുകയും നിരക്ക് നിർണ്ണയത്തിനുള്ള സൌകര്യം സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ വിഷയങ്ങളിൽ തീരുമാനം എടുത്ത് പുതിയതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ അടിസ്ഥാന നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്ക്രീനിന്റെ ചിത്രം ചുവടെ ചേർക്കുന്നു.


SANCHAYA മുതുകുളം ഗ്രാമ പഞ്ചായത്ത് L S G D, Govt. of Kerala

Home Logout SANDHYA S

Back

നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്ക്രീൻ

| Sl.No | Function | Minimum Rate | Maximum Rate | Rate |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം | 3 | 8 | 7 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 30 | 60 | 40 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 50 | 70 | 50 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 30 | 60 | 50 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 | 90 | 70 |
| 6 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 30 | 60 | 30 |
| 7 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 30 | 50 | 40 |
| 8 | വിദ്യാഭ്യാസാവശ്യം | 3 | 8 | 5 |
| 9 | ആശുപത്രികൾ | 3 | 8 | 6 |
| 10 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 20 | 40 | 30 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 10 | 20 | 15 |
| 12 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 | 60 | 40 |
| 13 | റിസോർട്ടുകൾ | 80 | 90 | 80 |
| 14 | അമ്യൂസ്മെൻറ് പാർക്ക് | 20 | 40 | 30 |
| 15 | മൊബൈൽ ടെലഫോൺ ടവർ | 400 | 500 | 500 |
| 16 | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 30 | 60 | |
| 17 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം , കാൻറീൻ,വർക്ക്ഷോപ്പ് | 3 | 8 | |
| 18 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 | |
| 19 | അയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 | |
| 20 | കാർഷികാവശ്യത്തിനുള്ളവ | 0 | 0 | |
| 21 | റസിഡൻഷ്യൽ ഹോം സ്റ്റേ | 10 | 25 | |

Save

അടിസ്ഥാന നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

## 1-14 ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയായിക്ക് വസ്തുനികുതി ചുമത്തുന്നില്ല- ഗ്രാമപഞ്ചായത്തിന് വസ്തുനികുതി നഷ്ടം

ഒരു ഫ്യൂവൽ സ്റ്റേഷനാണ് പഞ്ചായത്ത് പരിധിയിലുള്ളത്. ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് പഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 30 രൂപയായി പഞ്ചായത്ത് സമിതി തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കുന്നത്. സംസ്ഥാനപാതകൾക്ക് സമീപമായി സ്ഥിതിചെയ്യുന്നതും സമാനമായ ഇടപാടുകൾ നടക്കുന്നതുമായ ഫ്യൂവൽ സ്റ്റേഷനുകളാണ് ഇവയെല്ലാമെന്നിരിക്കെ വളരെ കുറഞ്ഞ വസ്തു നികുതി മാത്രമാണ് ചുമത്തപ്പെട്ടിട്ടുള്ളത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. ഫ്യൂവൽ സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നം | പരിഗണിച്ച തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി |
|---|---|---|---|
| അബ്ദുൾ സലാം, പുത്തൻകണ്ടത്തിൽ, ചിങ്ങോലി | 1/15 B | 25.9 ചതുരശ്രമീറ്റർ | 1244 |

യഥാർത്ഥ ഇടപാടുകൾ നടക്കുന്ന ഭാഗത്തെ വസ്തുനികുതി ചുമത്താതെ പോകുന്നത് ഗ്രാമപഞ്ചായത്തിന് നികുതി ചോർച്ചയുണ്ടാക്കുന്നുണ്ട്. ഫ്യൂവൽ സ്റ്റേഷനുകളിലെ കാനോപ്പി ഏരിയ കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കേണ്ടതാണ്.

## 1-15 റേഷൻ ഷോപ്പുകൾ പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു- ലൈസൻഫീസ്, തൊഴിൽ നികുതി ഇനത്തിൽ തനത് വരുമാനം നഷ്ടമാകുന്നു

1996 ലെ The Kerala Panchayat Raj (Issue Of Licence To Factories,trades,Entrepreneurship Activities And Other Services ) Rules ചട്ടം 3 പട്ടിക -1 പ്രകാരം റീട്ടെയിൽ റേഷൻ ഷോപ്പുകൾ, സപ്ലൈകോ സ്റ്റോറുകൾ (മാവേലി സ്റ്റോറുകൾ) എന്നിവയുടെ പ്രവർത്തനത്തിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ സപ്ലൈകോ സ്റ്റോറുകളോ റേഷൻ ഷോപ്പുകളോ (കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രം) ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടിയല്ല പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങളായിരുന്നിട്ടും ടി സ്ഥാപനങ്ങളെ ലൈസൻസ് ഫീസ് ചുമത്താത്തതും തൊഴിൽ നികുതി ചുമത്താത്തതും തനത് വരുമാനം നഷ്ടപ്പെടുന്നതിനിടയാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | ലൈസൻസിയുടെ പേര് | ARD Number | Phone Number |
|---|---|---|---|---|
| 1 | 1 | ബിനില ബാലകൃഷ്ണൻ | 131 | 9539803019 |
| 2 | 2 | മുരളി | 128 | 9446193435 |
| 3 | 2 | പ്രസന്നകുമാരി | 129 | 9446193435 |
| 4 | 2 | സുജാകുമാരി | 130 | 9447377563 |
| 5 | 3 | ലീല.ജെ | 127 | 9526747418 |
| 6 | 5 | ദാസൻ | 122 | 9495269483 |
| 7 | 6 | രാമചന്ദ്രൻ | 119 | 9496231384 |
| 8 | 8 | ബിന്ദു | 120 | 7736585401 |
| 9 | 8 | സെക്രട്ടറി ,എസ്.സി.ബി.ലി.നം.731 | 121 | 9249989928 |
| 10 | 10 | രമ്യാദാസ് | 123 | 9847093741 |
| 11 | 10 | ഗോപൻ | 124 | 9447803357 |
| 12 | 10 | മുരളി | 256 | 9526262044 |
| 13 | 13 | സാബു | 126 | 9947966618 |
| 14 | 13 | സെക്രട്ടറി എസ്.സി.ബി.ലി.നം.1741 | 125 | 9446841597 |

ടി സ്ഥാപനങ്ങളിൽ നിന്നും നികുതിയും, ഫീസും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16-1 എം.ജി.എൻ.ആർ.ഇ.ജി.എസ് ബ്ലോക്ക് പ്രോഗ്രാം ഓഫീസിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയില്ല.

മുതുകുളം ബ്ളോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിലെ അക്രെഡിറ്റഡ് എഞ്ചിനീയർ, രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഡിമാൻഡ് ചെയ്യപ്പെടാക്കുന്നില്ല. മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ടി വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.6 ന് നൽകിയ മറുപടിയിൽ ടി സ്ഥാപനത്തിൽ ജോലിനോക്കുന്നവരുടെ പേര് വിവരം ഗ്രാമപഞ്ചായത്ത് രേഖാമൂലം അറിയിച്ചു. ജീവനക്കാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | ശരത് ചന്ദ്രൻ.എസ് | അക്രഡിറ്റഡ് എൻജിനീയർ |
| 2 | ശശികല എൽ | അക്കൌണ്ടന്റ് കം IT അസിസ്റ്റന്റ് |
| 3 | ബിന്ദുമോൾ. വി | അക്കൌണ്ടന്റ് കം IT അസിസ്റ്റന്റ് |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിഴ പലിശസഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16-2 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സ്ഥാപനമായ ബുദ്ധ കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷൻ എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഡിമാൻഡ് ചെയ്യപ്പെടാക്കിയിട്ടില്ല. ടി സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം, അർദ്ധവാർഷിക വരുമാനം എന്നിവ സ്ഥാപനമേധാവിയിൽ നിന്നും ലഭ്യമാക്കി, സ്ഥാപനത്തിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-16-3 ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഡ്രൈവറുടെ തൊഴിൽ നികുതി ചുമത്തുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർ ജീവനക്കാരിൽ നിന്നും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയില്ല. ഈ കാലയളവിൽ ജോലിചെയ്തിരുന്നവരുടെ പേര് വിവരം, ചുമത്തേണ്ട തൊഴിൽ നികുതി എന്നിവ ചുവടെ ചേർക്കുന്നു.

| പേര് | കാലയളവ് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| ശ്രീ.രതീഷ് | ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ | 83220 | 750 (I Half) |
| ശ്രീ രതീഷ് | ഒക്ടോബർ മുതൽ ഡിസംബർ വരെ | 41610 | 360 (II Half) |
| ശ്രീ രബീഷ് | ജനുവരി മുതൽ മാർച്ച് വരെ | 43800 | 360 (II Half) |

തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-16-4 ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല

മുതുകുളം ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മുതുകുളം ബ്ലോക്ക് പഞ്ചായത്ത് ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസറുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഡിമാൻഡ് ചെയ്തീടാക്കുന്നില്ല. അടുത്ത അർദ്ധവർഷം മുതൽ ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസറുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഡിമാൻഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1- 17 കുടിവെള്ള ഉപപദ്ധതിയുടെ മോട്ടോർ സ്ഥാപിക്കലും അറ്റകുറ്റപ്പണിയും - ചെലവിനെ സാധൂകരിക്കുന്നതിനായി ഹാജരാക്കിയ ബില്ലിന്റെ ആധികാരികതയിൽ ഉറപ്പില്ല

പ്രോജക്ട് നമ്പർ - SO133/22

അടങ്കൽ - 100000/- (50000 – വികസനഫണ്ട് -സാധാരണവിഹിതം +

50000 – തനത് ഫണ്ട്)

ചെലവ് - 50000/- തനത് ഫണ്ട്

നിർവ്വഹണം -സെക്രട്ടറി

എം.എൽ.എ.മാരുടെ വികസനഫണ്ടിൽ ഉൾപ്പെടുത്തി ഒന്നാം വാർഡിലെ ആമ്പകടി ലക്ഷം വീട് കോളനിയിൽ നിർമ്മിച്ച മൈക്രോവാട്ടർ സപ്ലൈ സ്കീം കുടിവെള്ള ഉപപദ്ധതിയുടെ മോട്ടോർ വാങ്ങുന്നതിനും ടാങ്ക് അറ്റകുറ്റപ്പണിയ്ക്കുമായി ആവിഷ്കരിച്ച പ്രോജക്ടാണിത്. മോട്ടറും അനുബന്ധ സാധനങ്ങളും വാങ്ങിയതിന്റെയും അറ്റകുറ്റപ്പണി നടത്തിയതിന്റേയും ചെലവിനെ സാധൂകരിക്കുന്നതിനായി ഉത്രം ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ബില്ലാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ഇതിൽ ജി.എസ്.റ്റി. നമ്പർ, ബിൽ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആതിനാൽ തന്നെ ബില്ലിന്റെ ആധികാരികത ഉറപ്പാക്കാൻ ആവുന്നില്ല. ചെലവിന്റെ ആധികാരികത ഉറപ്പാക്കുന്നതിന് ജി.എസ്.റ്റി. ബിൽ ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നത് വരെ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ പഴയ പമ്പ് ലേലം ചെയതതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ആയതും ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 10/ 28.08.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 വെള്ളക്കരം അടവാക്കൽ - യഥാസമയം ഒടുക്ക് വരുത്തിയില്ല – പലിശ ഇനത്തിൽ

## അധിക ചെലവ്

പ്രോജക്റ്റ് നമ്പർ - S-0013/22

അടങ്കൽ - 1155000/- ( മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്)

നിർവ്വഹണം - സെക്രട്ടറി

ചെലവ്

ബിൽ നമ്പർ - 21070952011100177744/1.7.21/ – 289599/-

ബിൽ നമ്പർ - 2107095201100180395/7.7.21 – 100356/-

ബിൽ നമ്പർ - 2107095201100295083/11.8.21– 94640 /-

ബിൽ റഫറൻസ് നമ്പർ - 2107095201100414019/16.9.21 – 94640/-

ബിൽ റഫറൻസ് നമ്പർ - 2107095201100522065/16.10.21 – 94640/-

ബിൽ റഫറൻസ് നമ്പർ - 2107095201100654865/16.11..21 – 94640/-

ബിൽ റഫറൻസ് നമ്പർ - 2107095201100779819/13.12..21 – 94640/-

ബിൽ റഫറൻസ് നമ്പർ - 2107095201100929020/12.1..21 – 94640/-

ബിൽ റഫറൻസ് നമ്പർ - 2107095201101117753/14.2.22 – 94640/-

ബിൽ റഫറൻസ് നമ്പർ - 2107095201101298656/10.3.22 – 94640/-

ഗ്രാമപഞ്ചായത്തിലെ വെള്ളക്കരത്തിന്റെ ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ സാമ്പത്തികവർഷാരംഭത്തിൽ വെള്ളക്കരം ഇനത്തിൽ യാതൊരു തുകയും കുടിശ്ശിക ഉണ്ടായിരുന്നില്ല. വാട്ടർ അതോറിറ്റിയുടെ 13.4.21 ലെ 50932 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 206 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 94640/- രൂപ (കുടിശ്ശികയൊന്നുമില്ലാതെ) ഡിമാന്റ് ചെയ്തിട്ടുണ്ട്. തുടർന്ന് മെയ് മാസത്തിലെ 52314/18.5.21 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 1893/- രൂപയും ജൂൺ മാസത്തിലെ 52963/8.6.21 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 3786/- രൂപയും ജൂലൈ മാസത്തിലെ 53625/5.7.21 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 5716/- രൂപയും പലിശയിനത്തിൽ ഡിമാന്റ് ചെയ്യുകയും ഒടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പലിശ ഒടുക്കുവാനുണ്ടായ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.13/ 30.8.22 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വെള്ളക്കരം ഒടുക്കുന്നതിനായി പ്രോജക്റ്റ് ആവിഷ്കരിച്ചിരുന്നുവെന്നും അതിന് അംഗീകാരം ലഭിച്ചതിന് ശേഷം തുക ഒടുക്കിയതിനാലാണ് പലിശ അടവാക്കേണ്ട സാഹചര്യം ഉണ്ടായതെന്നുമാണ്. എന്നാൽ തനത് ഫണ്ടുള്ള ഗ്രാമപഞ്ചായത്തിന് അതിൽ നിന്ന് തുക ഒടുക്കിയ ശേഷം പ്രോജക്റ്റ് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുക റീ ക്ലൂപ്പ് ചെയ്യാമെന്നിരിക്കെ ആയത് ചെയ്യാതിരുന്നത് വഴി പലിശയിനത്തിൽ ഉണ്ടായ അധിക ചെലവ് 11395/- രൂപ അനുവദിക്കുന്നില്ല. തുക സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

## 1-19 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വൗച്ചർ നം.22100139/25.05.2021 (ചെക്ക് നം.1437328/25.05.2021 പ്രകാരം 150000/- രൂപ തനതു ഫണ്ട് അക്കൗണ്ടിൽ നിന്നും 15 വാർഡുകളുടേയും സാനിട്ടേഷൻ കമ്മിറ്റികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിരുന്നു. മെഡിക്കൽ ഓഫീസർ സമർപ്പിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം വിവിധ വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | അക്കൗണ്ട് നം. | ലഭിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 1 | 52010105413418 | 10000 | 6000 | 4000 |
| 2 | 52010105413412 | 10000 | 10000 | 0 |
| 3 | 52010105413414 | 10000 | 10000 | 0 |
| 4 | 52010105413415 | 10000 | 10000 | 0 |
| 5 | 52010105413421 | 10000 | 10000 | 0 |
| 6 | 52010105413417 | 10000 | 10000 | 0 |
| 7 | 52010105415159 | 10000 | 10000 | 0 |
| 8 | 52010105413416 | 10000 | 0 | 10000 |

| | | | | |
|---|---|---|---|---|
| 9 | 52010105413422 | 10000 | 0 | 10000 |
| 10 | 52010105413420 | 10000 | 3500 | 6500 |
| 11 | 52010105413419 | 10000 | 4000 | 6000 |
| 12 | 52010105413413 | 10000 | 10000 | 0 |
| 13 | 52010105413410 | 10000 | 10000 | 0 |
| 14 | 52010105413424 | 10000 | 10000 | 0 |
| 15 | 52010105413423 | 10000 | 10000 | 0 |
| | | 150000 | 113500 | 36500 |

തുക ചെലവഴിക്കാതെ അവശേഷിച്ചതിന്മേൽ വിശദീകരണവും ചെലവ് രേഖകൾ, ബാങ്ക് പാസ്സ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം.5/21-22/26.08.22 ന് മറുപടിയോ ആവശ്യപ്പെട്ട രേഖകളോ ലഭ്യമാക്കിയില്ല.

വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക ചെലവഴിക്കാതിരിക്കുന്നത് നല്ല പ്രവണതയല്ല. ഇത് ശുചീകരണ പ്രവർത്തനങ്ങളിൽ വരുന്ന വീഴ്ചയായി കണ്ട് തുടർ നടപടികൾ സ്വീകരിയ്ക്കുവാൻ ഭരണ സമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിയ്ക്കുന്ന തുക തനതു ഫണ്ടിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 1- 20 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത - സ്പോർട്സ് ഉപകരണങ്ങളിൽ ഉൾപ്പെടുത്തി ഷൂ വാങ്ങുന്നതിന് തുക ചെലവഴിച്ചു

പ്രോജക്ട് നമ്പർ- S0123/22

അടങ്കൽ -119424/- (വികസനഫണ്ട് -സാധാരണവിഹിതം)

ചെലവ് -

ബിൽ റഫറൻസ് നമ്പർ - 21070952011101240439/5.3.22 – 119424/-

നിർവ്വണം - സെക്രട്ടറി

ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം പ്രോജക്ടിലുൾപ്പെടുത്തി 9952/- രൂപ മൂല്യം വരുന്ന 12 സെറ്റ് സ്പോർട്സ് ഉപകരണങ്ങൾ മാവേലിക്കര പുഷ്പ ഡിപ്പാർട്ട്മെന്റ് സ്റ്റോർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വിതരണ രേഖകൾ പരിശോധിച്ചതിൽ ആകെ 10 ക്ലബ്ബുകൾക്ക് മാത്രമാണ് സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. അതിൽതന്നെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാത്ത മഹാത്മ സ്പോർട്സ് ക്ലബ്ബ്, മുതുകുളം ക്രിക്കറ്റ് ക്ലബ്ബ് എന്നിവയ്ക്ക് സ്പോർട്സ് കിറ്റ് നൽകിയിട്ടുണ്ട്. കൂടാതെ പ്രോജക്ടിലുൾപ്പെടുത്തി സ്പോർട്സ് ഷൂകൾ വാങ്ങി നൽകിയിട്ടുണ്ട്. ഇപ്രകാരം സ്പോർട്സ് കിറ്റ് വിതരണ പ്രോജക്ടിലുൾപ്പെടുത്തി സ്പോർട്സ് ഉപകരണം അല്ലാത്തതും ഒരു വ്യക്തിഗത ആനുകൂല്യത്തിന്റെ പരിധിയിൽ വരുന്നതുമായ സ്പോർട്സ് ഷൂകൾ വാങ്ങി നൽകിയത് ക്രമപ്രകാരമല്ല. കൂടാതെ ഉപയോഗിക്കുന്ന ആൾക്കാരുടെ അളവ് തിട്ടപ്പെടുത്താതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ആയതിനാൽ 12 ജോഡി സ്പോർട്സ് ഷൂകൾ വാങ്ങുന്നതിനായി ചെലവഴിച്ച 10320/- രൂപയുടെ (ഒന്നിന് 860/-) ചെലവ് അനുവദിയ്ക്കുന്നില്ല. തുക സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു. രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാത്ത മഹാത്മ സ്പോർട്സ് ക്ലബ്ബ്, മുതുകുളം ക്രിക്കറ്റ് ക്ലബ്ബ് എന്നിവയ്ക്കായും വിതരണം ചെയ്യാത്ത രണ്ട് സെറ്റ് സ്പോർട്സ് കിറ്റുകൾക്കായും ചെലവഴിച്ച 36301/- രൂപയുടെ (ഷൂവിന്റെ വില ഒഴിവാക്കി) ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 30/1.9.22 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

## 1-21 ജലജീവൻ മിഷൻ - ഗാർഹിക കുടിവെള്ള കണക്ഷനായി വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചു - പ്രോജക്ട് നിർവ്വഹണം നടത്തിയതിനെ സാധൂകരിയ്ക്കുന്ന രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ -S0035/22

അടങ്കൽ - 1025112/- (വികസനഫണ്ട് - സാധാരണവിഹിതം)

ചെലവ് - ബിൽ റഫറൻസ് നം. 21070952011101364129/18.3.22 – 431656/-

നിർവ്വഹണം - സെക്രട്ടറി

2024 വർഷത്തോട് കൂടി എല്ലാ ഗ്രാമീണഭവനങ്ങൾക്കും കുടിവെള്ള ടാപ്പ് കണക്ഷൻ നൽകുകയെന്ന ലക്ഷ്യത്തോടെ

നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പ്രോജക്ടിന്റെ ഭാഗമായി 431656/-രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ലാതിരുന്നതിനെ തുടർന്ന് പ്രോജക്ടിൽ എത്ര ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിയ്ക്കുന്നതെന്നും പ്രോജക്ടിന്റെ ഭാഗമായി എത്ര കുടിവെള്ള കണക്ഷൻ ലഭ്യമായെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 20/31.8.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടിവെള്ള കണക്ഷൻ ലഭ്യമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കുന്നത് വരെ 431656/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1- 22 കോവിഡ് അനുബന്ധപ്രവർത്തനങ്ങൾ - സാധൂകരണരേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ - S0072/22

അടങ്കൽ - 1500000/- ( 200000 - വികസനഫണ്ട് - സാധാരണവിഹിതം +

1300000 – തനത് ഫണ്ട് )

ചെലവ് - ബിൽ റഫറൻസ് നമ്പർ - 2107095201100420257/17.9.21 – 2960/-

ബിൽ റഫറൻസ് നമ്പർ - 2107095201100420260/17.9.21 – 9440/-

ബിൽ റഫറൻസ് നമ്പർ - 2107095201100471990/1.10.21 – 74250/-

ബിൽ റഫറൻസ് നമ്പർ - 2107095201100525942/18.10.21 – 54660/-

ബിൽ റഫറൻസ് നമ്പർ - 2107095201101106411/11.2.22 – 6300/-

നിർവ്വഹണം - സെക്രട്ടറി

കോവിഡ് -19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രോജക്ടിൽ ഉൾപ്പെടുത്തി തുക ചെലവഴിച്ചിരുന്നു. പ്രോജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. അപാകതകളിൽമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 12/29.8.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1. സാമൂഹ്യ അടുക്കളയുടെ ഭാഗമായി ഭക്ഷണം പാകം ചെയ്തതിന്റെ കൂലിയിനത്തിൽ 56025/- രൂപ ഗംഗാദേവിയെന്നയാളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. രേഖകൾ പ്രകാരം 16 ദിവസം 5 പേര് ജോലി ചെയ്തതിന്റെയും ഒരു ദിവസം 8 പേര് ജോലി ചെയ്തതിന്റേയും കൂലിയാണ് ഒരാളുടെ അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുള്ളത്. എന്നാൽ ജോലി ചെയ്തവരുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ജോലിക്കാരെ നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ, കമ്മറ്റി തീരുമാനം എന്നിവയും ഇപ്രകാരം ഒരാളുടെ അക്കൌണ്ടിലേയ്ക്ക് നൽകിയതിന്റെ കാരണവും വിശദമാക്കിയിട്ടില്ല. 56025/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. ആംബുലൻസ് വാടകയിനത്തിൽ 54660/- രൂപ എന്നൻസ് ജോസ് എന്നയാളുടെ അക്കൌണ്ടിലേയ്ക്ക് നൽകിയെങ്കിലും ലോഗ് ബുക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ ടിയാന്റെ ആംബുലൻസിന്റെ സേവനം എപ്രകാരം തെരെഞ്ഞെടുത്തു എന്നതിനെ സാധൂകരിയ്ക്കുന്ന രേഖകളും ടിയാന്റെ തെരെഞ്ഞെടുപ്പ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് കൊണ്ടുള്ള തീരുമാനവും ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 54660/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 വിവാഹധനസഹായം - മാതാപിതാക്കളുടെ അക്കൌണ്ടിലേക്ക് തുക നൽകിയില്ല

പ്രോജക്ട് നമ്പർ- S0064/22

അടങ്കൽ - 375000/-( വികസനഫണ്ട് - പട്ടികജാതി വിഹിതം)

ചെലവ് -

ബിൽ റഫറൻസ് നമ്പർ - 2107095201201208321/23.2.22 -75000/-

ബിൽ റഫറൻസ് നമ്പർ - 2107095201200606689/5.11.21 – 150000/-

നിർവ്വഹണം - വി.ഇ.ഒ.

പ്രോജക്ടിലുൾപ്പെടുത്തി മഞ്ചിമ രതീഷ്, കൊച്ചുതറകിഴക്കതിൽ, മുതുകുളം(നോർത്ത്) എന്നയാളുടെ വിവാഹത്തിനുള്ള ധനസഹായമായി 75000/- രൂപ വസന്തകുമാരി എന്നയാളുടെ 520101054181859 നമ്പർ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. കൊച്ചുമകളായ മഞ്ചിമ രതീഷിന്റെ വിവാഹത്തിനുള്ള ധനസഹായം തരണമെന്ന് ടിയാൾ അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും വസന്തകുമാരിയുടെ കൊച്ചുമകളാണ് മഞ്ചിമയെന്നതിനെ സാധൂകരിയ്ക്കുന്ന രേഖകൾ ഹാജരാക്കാതെയാണ് വസന്തകുമാരിയുടെ അക്കൌണ്ടിലേക്ക് തുക നൽകിയത്. ആയതിന് വിശദീകരണം

ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 27/1.9.22 നൽകിയതിന് വസന്തകുമാരിയുടെ കൊച്ചു മകളാണ് മഞ്ചിമയെന്നതിനെ സാധൂകരിയ്ക്കുന്ന രേഖകൾ ലഭ്യമാക്കാമെന്നാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ 75000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൌസ് നിർമ്മാണം - തുകയുടെ വിനിയോഗവിവരം ലഭ്യമല്ല

പ്രോജക്ട് നമ്പർ - S0123/22

അടങ്കൽ - 500000/- (വികസനഫണ്ട് - സാധാരണവിഹിതം)

ബിൽ നമ്പർ - 41/23.2.22.- 500000/-

നിർവ്വഹണം - സെക്രട്ടറി

കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൌസ് നിർമ്മാണത്തിനായി 500000/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല. വിനിയോഗവിവരങ്ങൾ ഹാജരാക്കുന്നത് വരെ 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 11/29-08-2022 നൽകിയെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കുകയുണ്ടായില്ല.

## 1-25 സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ - തുക കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചുവെങ്കിലും പ്രവർത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ - S0132/22

അടങ്കൽ - 749890/- (500000 – വികസനഫണ്ട് -സാധാരണവിഹിതം +100000 – ധനകാര്യകമ്മീഷൻ ഗ്രാന്റ്+149890 – തനത് ഫണ്ട്)

ചെലവ് - ബിൽ റഫറൻസ് നമ്പർ - 21070952011101198619/24.2.22 – 500000/-

നിർവ്വഹണം -സെക്രട്ടറി

സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കുന്നതിനായി 500000/- രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചുവെങ്കിലും പ്രോജക്ട് നിർവ്വഹണം നടത്തി പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം – 9/21-22 തീ.28.08.22 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ സാമ്പത്തിക വർഷം അവസാനത്തോടെ തുക കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചതിനാൽ ആ വർഷം ടെൻഡർ നടപടികൾ സ്വീകരിയ്ക്കാൻ സാധിച്ചില്ലയെന്നും ഇപ്പോൾ പ്രവർത്തി ആരംഭിച്ചിട്ടുണ്ടെന്നുമാണ്. പൂർത്തീകരണവിവരങ്ങൾ ലഭ്യമാകുന്നത് വരെ 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ - ഗുണഭോക്താവിന്റെ മരണത്തെ തുടർന്ന് ഉപകരണം വിതരണം ചെയ്യാനായില്ല

പ്രോജക്ട് നമ്പർ - S0045/22

അടങ്കൽ - 501444/- (വികസനഫണ്ട് - സാധാരണവിഹിതം)

ചെലവ് - ബിൽ റഫറൻസ് നമ്പർ - 21070952011301199759 /25.2.22 – 249444/-

ബിൽ റഫറൻസ് നമ്പർ - 21070952011301324439 /15.3..22 – 152000/-

നിർവ്വഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ പ്രോജക്ടിലുൾപ്പെടുത്തി വാങ്ങിയ എയർ ബെഡ്, റീക്ലൈനിങ് വീൽ ചെയർ എന്നിവ വിതരണം ചെയ്തിട്ടില്ല. ഉപകരണങ്ങൾ വിതരണം ചെയ്യാതിരുന്നതിന് കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം – 14/29.8.22 ന് ലഭ്യമാക്കിയ മറുപടിയിൽ ക്യാമ്പ് സംഘടിപ്പിച്ച് പർച്ചേസ് ഓർഡർ നൽകിയ ശേഷം ബിന്ദു, വിജയഭവനം എന്ന ഗുണഭോക്താവ് മരിച്ച് പോയതിനാലാണ് എയർ ബെഡ്, റീക്ലൈനിങ് വീൽ ചെയർ, എന്നിവ വിതരണം ചെയ്യാതിരുന്നതെന്നാണ്. അർഹരായ വ്യക്തിയെ കണ്ടെത്തി വിതരണം ചെയ്ത് ആ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-27 പാലിയേറ്റീവ് കെയറിനുള്ള മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) 2021-22 ൽ നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രകാരം മരുന്നും

ഉപകരണങ്ങളും വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ ന് മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.1/22 | ബിൽ നം./നല്കിയ തുക/ തീയതി | ലഭിച്ച മരുന്നിന്റെ ഇൻവോയിസ് /തുക | ലഭിക്കാനുള്ള മരുന്നിന്റെ/ഉപകരണത്തിന്റെ വില |
|---|---|---|---|
| അടങ്കൽ -500000(വികസന ഫണ്ട്)<br>ചെലവ് -471846 | 1/21-22 /06.10.21-78193 | 8047/27.10.21-24551<br>898/22.04.22-19674 | 33968 |
| | 7/21-22 /15.12.21-71803 | 11056/10.01.22-21185<br>14732/08.03.22-15470<br>15187/23.03.22-8583<br>7078/28.07.22-16119 | 10446 |
| | | ആകെ | 44,414 |

മരുന്നും ഉപകരണങ്ങളും സമയബന്ധിതമായി ലഭിക്കാത്തതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം.നം.18/21-22/30.08.22 ന് മറുപടി നല്കിയില്ല. മുൻകൂറായി തുക നല്കിയിട്ടും മരുന്ന് പൂർണ്ണമായും ലഭിക്കാത്ത സാഹചര്യത്തിൽ 44,414/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പാലിയേറ്റീവ് കെയർ പോലെ അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളിൽ മരുന്നും ഉപകരണങ്ങളും ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ് .

## 1-28 ആയുർവ്വേദ മരുന്ന് ലഭിക്കുന്നതിൽ കാലതാമസം

പ്രോജക്ട് നം. /പേര് - 53/ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ .1026000

ചെലവ് .1026000

ബിൽ നം.1/17.08.21-500000

3/09.03.22-526000

മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ഡിസ്പെൻസറി നടപ്പാക്കിയ ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി 1026000/- രൂപ ഔഷധിയിൽ അടച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഇൻവോയിസുകൾ പ്രകാരം അതിൽ 11577/-രൂപയുടെ മരുന്ന് ഇനിയും ലഭിച്ചിട്ടില്ല.

മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ലാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം.നം.17/29.08.22 ന് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം കാരണം മരുന്നുൽപ്പാദനം കുറഞ്ഞതാണ് മരുന്ന് ലഭിക്കുന്നതിൽ കാലതാമസം വരുത്തുന്നതെന്നാണ് മറുപടി നല്കിയത്. ഇനിയും ലഭിക്കുവാനുള്ള മരുന്നിന്റെ വിലയായ 11577/- രൂപ തടസ്സപ്പെടുത്തുന്നു.

സാധാരണക്കാരയ രോഗികൾ ആശ്രയിക്കുന്ന ആയുർവ്വേദ ആശുപത്രിയിൽ മരുന്ന് ലഭ്യതയിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ഭൂമി മണ്ണിട്ടുയർത്തൽ പദ്ധതി -തുടർ പ്രവർത്തനങ്ങൾക്ക് സർക്കാർ അനുമതി അനിവാര്യം

തുടർച്ചയായുള്ള വെള്ളപ്പൊക്കത്താൽ ദുരിതമനുഭവിക്കുന്ന മുതുകുളം ഗ്രാമ പഞ്ചായത്തിലെ എസ്.സി വിഭാഗം കുടുംബങ്ങളുടെ ഭൂമി മണ്ണിട്ടുയർത്തുക എന്ന പഞ്ചായത്ത് കമ്മിറ്റിയുടെ താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ മണ്ണിട്ടുയർത്തൽ പദ്ധതിക്ക് 2021-22 വർഷം പ്രത്യേക അനുമതി ലഭിക്കുന്നതിനായി സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ആലപ്പുഴ കാർമ്മൽ പോളിടെക്നിക്കിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സേവനം ഉപയോഗപ്പെടുത്തി 130 ഗുണഭോക്താക്കളുടെ ഭൂമിയിൽ സർവ്വേ നടത്തി എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി തനത് ഫണ്ടിൽ നിന്നും 26000 രൂപ (ചെക്ക് നം.022228/22/3/22) ചെലവഴിച്ചിട്ടുമുണ്ട്.

സബ്സിഡി മാർഗ്ഗ രേഖയിൽ ഇല്ലാത്ത മണ്ണിട്ടുയർത്തൽ എന്ന പദ്ധതി 2021-22 വർഷം നടപ്പാക്കിയിട്ടില്ല. 2022-23 വർഷത്തിൽ പദ്ധതി നടപ്പാക്കുന്നതിന് കോ-ഓർഡിനേഷൻ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗ രേഖയിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കുന്ന പദ്ധതിയായതിനാൽ സർക്കാർ നിർദ്ദേശ പ്രകാരം മാത്രം പദ്ധതി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-30 തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ സിമന്റിന് മാർക്കറ്റ്

## നിരക്കിനേക്കാൾ കൂടിയ നിരക്ക് അനുവദിക്കുന്നു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ പരാമർശിക്കും പ്രകാരം ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 08-07-22 ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ച മാത്രമേ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2021-22 വർഷം എത്ര പ്രവർത്തികൾക്ക് സിമന്റിന് മാർക്കറ്റ് റേറ്റിനേക്കാൾ അധികം തുക നൽകി / നൽകാനുണ്ട് എന്ന് അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.21/21-22/31.08.22 സ്രാമ്പിക്കൽ കോളനി നടപ്പാത കോൺക്രീറ്റിംഗ് (RC/299023) എന്ന പ്രവൃത്തിക്ക് ഇപ്രകാരം തുക നല്കി എന്ന് മറുപടി നല്കി. തൻവർഷം നടപ്പാക്കിയ മറ്റു പ്രവൃത്തികളുടെ തുക നല്കിയിട്ടില്ല.

ഇനി തുക അനുവദിക്കുവാനുള്ള പ്രവൃത്തികളിലും തുടർന്ന് ഏറ്റെടുക്കുന്ന പ്രവർത്തികളിലും മേൽ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സിമന്റിന്റെ വില അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ -എസ്റ്റിമേറ്റിൽ അധികരിച്ച് തുക ചെലവഴിച്ചു.

ഗവ.എൽ.പി.എസ്, എസ്.എൻ.എം യു.പി.എസ്, കെ.വി സാൻസ്ക്രിറ്റ് എച്ച്.എസ്.എസ്, കുറുമ്പകര യു.പി.എസ്, കെ.എ.എം എൽ പി&യു.പി.എസ് എന്നീ സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ അടങ്കൽ 18,40,000 രൂപയായിരുന്നു. 2019-20, 2021-22 വർഷങ്ങളിലായി താഴെ പറയും പ്രകാരം 913653 രൂപ ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| 368000 | ചെക്ക് നം.686401/30.01.20 |
| 545653 | ചെക്ക് നം.020962/17.12.21 |
| 913653 | |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) എസ്റ്റിമേറ്റിൽ അധികരിച്ച് തുക ചെലവഴിച്ചു.

Item 5, Steel Reinforcement For RCC എന്ന ഇനം എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്നത് താഴെ പറയും പ്രകാരമായിരുന്നു.

ഗവ.എൽ.പി.എസ്, മുതുകുളം - 37.434

എസ്.എൻ.എം യു.പി.എസ് -37.434

കെ.വി സാൻസ്ക്രിറ്റ് എച്ച്.എസ്.എസ് - 37.434

കുറുമ്പകര യു.പി.എസ് -37.434

കെ.എ.എം എൽ പി&യു.പി.എസ് - 74.868

ആകെ 224.604 Kg@ 78.68=17672

എം ബുക്കിൽ, 354.55 Kg ചെയ്തതായി രേഖപ്പെടുത്തി എസ്റ്റിമേറ്റ് നിരക്കായ 224.604 Kg ൽ ലിമിറ്റ് ചെയ്ത് തുക അനുവദിച്ചിരിക്കുന്നു. കെ.വി സാൻസ്ക്രിറ്റ് എച്ച്.എസ്.എസ് - 37.434, കുറുമ്പകര യു.പി.എസ് -37.434 എന്നിവിടങ്ങളിൽ പ്രവൃത്തി നടന്നിട്ടില്ലാത്ത സാഹചര്യത്തിൽ , 74.868 Kg അംഗീകരിക്കാൻ കഴിയില്ല. 74.868kg @ 78.68=5890.61

2) കയർ പിത്ത് ഇനോക്കുലത്തിന്റെ നിരക്ക്(1000kg@15/kg) കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അത് അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. പ്രവൃത്തി ഇതേ വരെയും പൂർത്തീകരിച്ചിട്ടില്ല. എന്നാൽ 1st & ഫൈനൽ എന്ന രീതിയിലാണ് ആകെ മൂല്യം 913653 ആയി കണക്കാക്കിയിട്ടുള്ളത്.

3) ഐ.ആർ.റ്റി.സി എന്ന സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. 19.12.19 ലെ മുദ്രപത്രം മാത്രമാണ് ഫയലിലുള്ളത്.

4)എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്കൂളുകൾക്ക് കൈമാറിയിട്ടില്ല. യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(16/29.08.22), ഐ.ആർ.റ്റി.സി എന്ന അക്രഡിറ്റഡ് ഏജൻസിയാണ് എം ബുക്കിൽ അളവ് രേഖപ്പെടുത്തിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ തുക പിൻവലിച്ച് നൽകുക മാത്രമാണ് ചെയ്തതെന്നും ബിൽ തയ്യാറാക്കിയ വേളയിൽ കോവിഡ് ആയതിനാലാണ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാതിരുന്നതെന്നും മറുപടി നൽകി. എം ബുക്കിൽ അളവ് രേഖപ്പെടുത്തിയതും ചെക്ക് മെഷർ ചെയ്തതും ഐ.ആർ.റ്റി.സി ഉദ്യോഗസ്ഥരാണെങ്കിലും തുക അനുവദിക്കുന്നതിന് മുൻപ് പ്രവൃത്തികളുടെ മൂല്യം പരിശോധിക്കേണ്ടുന്ന ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥക്കുണ്ട്. എസ്റ്റിമേറ്റിൽ അധികരിച്ച് ചെലവഴിച്ച 5891 രൂപ ഐ.ആർ.റ്റി.സിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഐ.ആർ.റ്റി.സിയിൽ നിന്നും ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയാവുന്നതാണ്. കമ്പോസ്റ്റ് യൂണിറ്റിന്റെ പ്രവർത്തനം ഇതേ വരെയും ആരംഭിക്കാത്ത സാഹചര്യത്തിൽ 5891 രൂപ കഴിച്ചുള്ള തുക, 907762 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്കൂളുകളുമായി കരാർ ചമച്ച് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ആലംകോട്ട് വാഴവന റോഡിൽ ഓട നിർമ്മാണം -എസ്കവേറ്റ് ചെയ്ത മണ്ണ് ലേലം ചെയ്തില്ല.

| | |
|---|---|
| അടങ്കൽ | 500000/- |
| കരാർ നം | 11/AE/LID&LW/MKLM/20-21/20.02.21 |
| കരാറുകാരൻ | രഘു.ഡി |
| എഗ്രീഡ്. പി.എ.സി | 445773.97, എസ്റ്റിമേറ്റ് നിരക്ക് |
| ആകെ മൂല്യം | 430749.15<br>(430749.15+51689.89=482439) |
| എം ബുക്ക് നം | 19/21-22 |
| ചെലവ് വിവരം | 482349/-ബിൽ നം. 13/22.02.22 |

1) പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല

വാർഡ് 12 ലെ ആലംകോട്ട് വാഴവന റോഡിൽ ഓട നിർമ്മാണം എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 45 ദിവസമായിരുന്നുവെങ്കിലും പൂർത്തീകരിച്ചത് 15.01.22 ൽ മാത്രമാണ്. കാലയളവ് ദീർഘിപ്പിക്കുവാനുള്ള കരാറുകാരന്റെ തീയതി രേഖപ്പെടുത്താത്ത അപേക്ഷ ഫയലിലുണ്ട്. എന്നാൽ കാലയളവ് ദീർഘിപ്പിച്ച് നൽകിയതായി കാണുന്നില്ല.

2)എസ്കവേറ്റ് ചെയ്ത മണ്ണ് ലേലം ചെയ്തില്ല.

പ്രവൃത്തി ഇനം. 1 പ്രകാരം 84.33 $M^3$ മണ്ണ് എസ്കവേറ്റ് ചെയ്തിരുന്നു. എം ബുക്കിൽ ടി മണ്ണ് ലേലം ചെയ്യുന്നതിന് അസിസ്റ്റന്റ്എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുമുണ്ട്. 20255 രൂപയുടെ മൂല്യനിർണ്ണയം നടത്തിയിട്ടുമുണ്ട്. സ്വീകരിച്ച ലേല നടപടികളുടെ വിശദാംശം ലഭ്യമല്ല.

29.12.21 ലെ I/17 നം. കമ്മറ്റി തീരുമാനപ്രകാരം, 7,9,11,12 വാർഡുകളിലെ മണ്ണ് നിയമാനുസൃതം ലേല നടപടികൾ സ്വീകരിക്കുവാനും തീരുമാനമെടുത്തിരുന്നു. ഇപ്രകാരം സ്വീകരിച്ച ലേല നടപടികളുടെ വിശദാംശം അറിയിക്കുന്നതിനും മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/01.09.22) മറുപടി ഹാജരാക്കിയില്ല.

പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുവാൻ യഥാസമയം അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ

കാലയളവ് ദീർഘിപ്പിച്ച നൽകുകയോ ചെയ്തിട്ടില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. പി.എ.സി യുടെ 3% പിഴയായ 13373 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതും മണ്ണിന്റെ ലേല നടപടികളുടെ വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. യഥാസമയം ലേലനടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ ആയത് പഞ്ചായത്ത് ഭരണസമിതിയുടെ ബാധ്യതയായി തീരുന്നതാണ്.

## 1-33 കരയോഗം കുമ്പളത്ത് റോഡ് റീടാറിംഗ് - പ്രവൃത്തി ഇതേ വരെയും പൂർത്തീകരിച്ചില്ല

| | |
|---|---|
| അടങ്കൽ | 589518/- |
| കരാർ നം | 12/AE/LID&EW/MKLM/20.02.21 |
| കരാറുകാരൻ | രഘു.ഡി |
| എഗ്രീഡ്. പി.എ.സി | 526137.59, എസ്റ്റിമേറ്റ് നിരക്ക് |
| ആകെ മൂല്യം | 387887.50 |
| എം ബുക്ക് നം | 11/20-21 |
| ചെലവ് വിവരം | 1st And Part Bill - 403780/-ബിൽ നം.20/30.03.21<br>2nd And Part Bill - 27322, ബിൽ നം. 21/30.03.22 |

കരയോഗം കുമ്പളത്ത് റോഡ് റീടാറിംഗ് എന്ന പ്രവൃത്തി നിലവിലും(9/22) പൂർത്തീകരിച്ചിട്ടില്ല. 20.02.21 ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 45 ദിവസമായിരുന്നു. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. 30.03.22 ന ശേഷം അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് App.B പ്രകാരം നടത്തേണ്ടിയിരുന്ന റീറ്റെയിനിംഗ് വാൾ കൺസ്ട്രക്ഷൻ നടന്നിട്ടില്ല. എന്നാൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല. പ്രവൃത്തി ഇതേ വരെ പൂർത്തീകരിക്കാത്തതിനും രണ്ടാം പാർട്ട് ബില്ലിൽ നിന്നും പിഴ ഈടാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/31.08.22) മറുപടി ലഭിച്ചില്ല. PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കേണ്ടതും പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-34 നെടുവക്കാട് ഗായത്രി റോഡ് പാർശ്വഭിത്തി നിർമ്മാണം-എസ്കവേറ്റ് ചെയ്ത മണ്ണിന്റെ അളവ് ഫില്ലിംഗിന്റെ അളവിൽ നിന്നും കുറവ് ചെയ്തില്ല.

നെടുവക്കാട് ഗായത്രി റോഡിന് പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കൽ എന്ന പദ്ധതിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ | 500000(MGR) |
| കരാർ നം. | 15/AE/LID&LW/MKLM/22/2/21 |
| കരാറുകാരൻ | സോമരാജൻ |
| എഗ്രീഡ്. പി.എ.സി | 446062.20 |
| ആകെ മൂല്യം | 436946.56 |

| | |
|---|---|
| എം ബുക്ക് നം | 19/20-21 |
| ചെലവ് വിവരം | 489380/ബിൽ ക്രമ നം.16/27.03.22 |

1)എസ്കവേറ്റ് ചെയ്ത മണ്ണിന്റെ അളവ് ഫില്ലിംഗിന്റെ അളവിൽ നിന്നും കുറവ് ചെയ്തില്ല.

ഈ പ്രവൃത്തിയുടെ ഇനം. 1 പ്രകാരം 21.44m$^3$ മണ്ണ് എസ്കവേറ്റ് ചെയ്തിട്ടുണ്ട്(21.44m$^3$@259.29/m$^3$). എസ്കവേറ്റ് ചെയ്ത മണ്ണ് പൂർണ്ണമായും ഫില്ലിംഗിന് ഉപയോഗിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ എം ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

ഇതേ പ്രവൃത്തിയിൽ തന്നെ Item 6 ആയി 65.52m$^3$, Embankment Construction നം (65.52m$^3$@1022.81/m$^3$ = 67014.51) നടത്തിയിട്ടുണ്ട്. ഫില്ലിംഗ് നടത്തിയ 65.52m$^3$ ൽ നിന്നും എസ്കവേറ്റ് ചെയ്ത മണ്ണിന്റെ അളവായ 21.44m$^3$ കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു. (65.52m$^3$ - 21.44m$^3$ = 44.08m$^3$)

ഫില്ലിംഗിന് അനുവദനീയമായ തുക 44.08m$^3$@1022.81/m$^3$ = 45085.46

അധികമായി അനുവദിച്ച തുക = 67014.51-45085.46 = 21929

2)പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല - പിഴ ഈടാക്കിയതിൽ കുറവ്

22/2/21 ൽ കരാർ വെച്ച പ്രവൃത്തി പൂർത്തീകരിച്ചത് 23.03.22 ൽ മാത്രമാണ്. ആകെ മൂല്യത്തിന്റെ 1%(4369) മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാനുവൽ അനുശാസിക്കും പ്രകാരം പി.എ.സി യുടെ അടിസ്ഥാനത്തിലാവണം പിഴ ഈടാക്കേണ്ടത്.

എസ്കവേറ്റ് ചെയ്ത മണ്ണിന്റെ അളവ് ഫില്ലിംഗിന്റെ അളവിൽ നിന്നും കുറവ് ചെയ്യുകയോ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(24/31.08.22) മറുപടി ലഭിച്ചില്ല. കരാറുകാരന് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതും യഥാസമയം പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പി.ഡബ്ല്യൂ.ഡി മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-35 ഇടശ്ശേരി കാടാശ്ശേരി റോഡ് റീ-ടാറിംഗ് - പിഴ ഈടാക്കിയതിൽ കുറവ്

| | |
|---|---|
| അടങ്കൽ | 500000/-MGR |
| കരാർ നം | 14/AE/LID&EW/20-21/22.02.21 |
| കരാറുകാരൻ | സിയാദ് |
| എഗ്രീഡ്. പി.എ.സി | 446354.44 |
| ആകെ മൂല്യം | 353800.72<br>(353800.72+42456.08=396257) |
| എം ബുക്ക് നം | 18/20-21 |
| ചെലവ് വിവരം | 62519, ബിൽ ക്രമ നം.19/27.03.22<br>330645, ബിൽ ക്രമ നം.13/25.03.22 |

വാർഡ് 14 ലെ ഇടശ്ശേരി കാടാശ്ശേരി റോഡ് റീ-ടാറിംഗ് എന്ന ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 45 ദിവസമായിരുന്നു. എന്നാൽ 22.02.21 ൽ കരാർ ചമച്ച പ്രവൃത്തി പൂർത്തീകരിച്ചതാവട്ടെ 26.03.22 ലും. കരാർ ചമച്ച് ഒരു വർഷത്തിന് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചത്.

കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. 27.12.21 ൽ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് എ.ഇ, സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ കാലാവധി ദീർഘിപ്പിച്ചതായി കാണുന്നില്ല. പി.എ.സി യുടെ അടിസ്ഥാനത്തിലാണ് പിഴ ഈടാക്കേണ്ടത് എന്നിരിക്കെ ആകെ മൂല്യത്തിന്റെ 1%, 3538 രൂപ മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. ലോക്ക് ഡൗണിന്റെ സാഹചര്യത്തിൽ പിഴ കൂടാതെ 6 മാസം കാലയളവ് ദീർഘിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ ടി കാലയളവ് അനുവദിച്ചാൽ പോലും 10/22 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. PWD മാനുവൽ അനുശാസിക്കും പ്രകാരം PAC യുടെ 3% പിഴ കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(26/01.09.22) മറുപടി ലഭിച്ചില്ല.

പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുവാൻ അപേക്ഷ നൽകുകയോ കാലയളവ് ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. പി.എ.സി യുടെ 3%, 13391 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതിന് പകരം ആകെ മൂല്യത്തിന്റെ 1%, 3538 രൂപ മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. ബാലൻസ് 9853 രൂപ കൂടി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ആശുപത്രി കല്ലേലിൽ റോഡ് ടാറിംഗ് വാർഡ് 11-പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടില്ല.

| | |
|---|---|
| അടങ്കൽ | 500000/-MGR |
| കരാർ നം | 7/AE/LID&EW/MKLM/20-21/19.02.21 |
| കരാറുകാരൻ | ശാന്തിലാൽ, |
| എഗ്രീഡ്. പി.എ.സി | 446013.15 |
| ആകെ മൂല്യം | 433864.40<br>(433864.40+gst(52063.73)=485928.13) |
| എം ബുക്ക് നം | 15/20-21 |
| ചെലവ് വിവരം | 471000, ബിൽ ക്രമ നം. 5/22.02.22<br>11526, ചെക്ക് നം.1437356/ 08.03.22 |

ടെണ്ടർ നോട്ടീസ് പ്രകാരം 45 ദിവസമായിരുന്നു പൂർത്തീകരണ കാലയളവ്. പ്രവൃത്തി പൂർത്തീകരിച്ചതാവട്ടെ 06.01.22 ലും. ഡിസംബർ 31 വരെ പിഴ ഒഴിവാക്കി ദീർഘിപ്പിക്കുവാൻ കരാറുകാരന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷ ഫയലിലുണ്ട്. എന്നാൽ കാലാവധി ദീർഘിപ്പിച്ചതായി കാണുന്നില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. പിഴ കൂടാതെ 6 മാസം ദീർഘിപ്പിക്കാമെന്ന 31.07.21 ലെ സ.ഉ(സാധാ) നം. 1444/21/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാലയളവ് ദീർഘിപ്പിച്ചാൽ പോലും 08/21 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. PWD മാനുവൽ അനുശാസിക്കും പ്രകാരം പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(27/01.09.22) മറുപടി ലഭിച്ചില്ല.

പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുവാൻ അപേക്ഷ നൽകുകയോ കാലയളവ് ദീർഘിപ്പിച്ചു നൽകുകയെ ചെയ്തിട്ടില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. പി.എ.സി യുടെ 3% തുകയായ 13381 രൂപ പിഴ ഇനത്തിൽ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-37 വീട് മെയിന്റനൻസ് - എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാതെ

തുക അനുവദിച്ചു

പ്രോജക്ട് നമ്പർ - SO084/22 (ജനറൽ)

അടങ്കൽ - 7500000/- ( 7250000 – ധനകാര്യകമ്മീഷൻ ഗ്രാന്റ്+25000 –തനത് ഫണ്ട് )

വൌച്ചർ നമ്പർ - 22100787/19.2.22 – 250000/-

വൌച്ചർ നമ്പർ - 22100848/16.3.22 – 50000/-

വൌച്ചർ നമ്പർ - 22100861/21.3.22 – 250000/-

വൌച്ചർ നമ്പർ - 22100910/27.3.22 – 25000/-

വൌച്ചർ നമ്പർ - 22100936/30.3.22 – 175000/-

നിർവ്വഹണം - വി.ഇ.ഒ.

വീട് മെയിന്റനൻസ് (ജനറൽ) പ്രോജക്ടിലുൾപ്പെടുത്തി ആനുകൂല്യം നൽകിയ ചുവടെ ചേർക്കുന്നവർക്ക് ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം-29/1.9.22 നൽകിയതിന് രേഖകൾ ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 8 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 400000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഹാജരാക്കേണ്ട രേഖകൾ | നൽകിയ തുക |
|---|---|---|---|
| 1. | ബാബു, അച്യുതമംഗലം | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, | 50000/- |
| 2. | വിശ്വനാഥൻ, വിഷ്ണുഭവനം | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, | 50000/- |
| 3. | വിജയമ്മ, പൂയംപള്ളിൽ | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, | 50000/- |
| 4. | സുരഭി,സുഹാസ് വില്ല | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, | 50000/- |
| 5. | ജഗദമ്മ, പുത്തൻപുരയിൽ | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, | 50000/- |
| 6. | പ്രഭാകരൻ | അപേക്ഷ, അർഹതാ രേഖ എന്നിവ ഇല്ല | 50000/- |
| 7. | കുഞ്ഞുമോൾ | അപേക്ഷ, അർഹതാ രേഖ എന്നിവ ഇല്ല | 50000/- |
| 8. | ദേവകി, കുമ്പളത്ത് പടീറ്റതിൽ | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, | 50000/- |

1-38 എസ്സ്.സി. വീട് മെയിന്റനൻസ് - ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ തുക അനുവദിച്ചു

പ്രോജക്ട് നമ്പർ - SO126/22

അടങ്കൽ - 1500000/- ( 500000 - വികസനഫണ്ട് - പട്ടികജാതി വിഹിതം + 1000000 – ധനകാര്യകമ്മീഷൻ ഗ്രാന്റ്)

വൌച്ചർ നമ്പർ - 22100773/8.2.22 – 200000/-

ബിൽ റഫറൻസ് നമ്പർ - 21070952011201208347/23.2.22- 500000/-

വൌച്ചർ നമ്പർ - 22100849/16.3.22 – 100000/-

വൌച്ചർ നമ്പർ - 22100863/22.3.22 – 400000/-

വൌച്ചർ നമ്പർ - 22100935/30.3.22 – 300000/-

നിർവ്വഹണം - വി.ഇ.ഒ.

എസ്സ്.സി. വീട് മെയിന്റനൻസ് പ്രോജക്ടിലുൾപ്പെടുത്തി 100000/- രൂപാ വീതം നൽകിയിരുന്നു. ആനുകൂല്യം നൽകിയതിൽ ചുവടെ ചേർക്കുന്നവർക്ക് ചെലവിനെ സാധൂകരിയ്ക്കുന്ന രേഖകൾ ഹാജരാക്കാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 28/1.9.22 നൽകിയതിന് രേഖകൾ ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 8 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 800000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|
| 1. | ശിവാനി, പുത്തൻവീട് | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, ജാതി സർട്ടിഫിക്കറ്റ് |
| 2. | വി.ചെല്ലപ്പൻ, | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, ജാതി സർട്ടിഫിക്കറ്റ് |
| 3. | ദേവകി, തോട്ടാൽ, മുതുകുളം (നോർത്ത്) | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, |
| 4. | ജനാർദ്ദനൻ, മുരിങ്ങയിൽ, മുതുകുളം (നോർത്ത്) | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, |
| 5. | ഹരികുമാർ, പാണ്ടാലയിൽ, തക്കതിൽ | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, |
| 6. | രവീന്ദ്രൻ, വിഷ്ണു ഭവനം | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, |
| 7. | രമണി, മടത്തിൽ തറയിൽ | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, |
| 8. | പ്രസന്നൻ, മായിക്കൽ തെക്കതിൽ | എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, ജാതി സർട്ടിഫിക്കറ്റ് |

## 1-39 ആശ്രയ ഭവനപുനരുദ്ധാരണം - എസ്റ്റിമേറ്റ്, മൂല്യനർണ്ണയ സാക്ഷ്യപത്രം എന്നിവയില്ലാതെ തുക നൽകി

പ്രോജക്റ്റ് നമ്പർ - S0043/22

അടങ്കൽ - 100000/- (വികസനഫണ്ട് - സാധാരണവിഹിതം)

ചെലവ് - ബിൽ റഫറൻസ് നമ്പർ - 21070952011201417988/23.3.22 – 100000/-

നിർവ്വഹണം - വി.ഇ.ഒ.

ആശ്രയ ഭവനപുനരുദ്ധാരണ പ്രോജക്ടിലുൾപ്പെടുത്തി കാർത്യായനി, കരിമുട്ടത്ത് തറയിൽ, സുമതി, കളയ്ക്കാട്ട്കിഴക്കതിൽ എന്നിവർക്ക് 50000/- രൂപ വീതം ഭവന പുനരുദ്ധാരണത്തിനായി അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുള്ളതായാണ് രേഖകൾ. എന്നാൽ ഇവരുടെ അപേക്ഷയ്ക്കൊപ്പം എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ കാർത്യായനി, കരിമുട്ടത്ത് തറയിൽ എന്ന ഗുണഭോക്താവിന്റെ ആനുകൂല്യം കുട്ടി, കരിമുട്ടത്ത് തറയിൽ എന്നയാളുടെ അക്കൌണ്ടിലേയ്ക്കാണ് നൽകിയിച്ചുള്ളത്. അവശ്യമായ രേഖകൾ ഇല്ലാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 31/1.9.22 നൽകിയതിന് രേഖകൾ

ഹാജരാക്കുന്നതാണെന്നും കാർത്യായനിയ്ക്ക് അനുവദിച്ച തുക അക്കൌണ്ട് നമ്പരിലെ അപാകത കാരണം പേരന്റ് അക്കൌണ്ടിലേയ്ക്കാണ് പോയിട്ടുള്ളതെന്നുമാണ്. രേഖകൾ ഹാജരാക്കുന്നത് വരെ 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 ലൈഫ് ഭവനപദ്ധതി - 2018-19 ൽ തുക കൈപ്പറ്റിയവർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 വർഷം ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്നവർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളെ കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിപ്പിയ്ക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് സ്വീകരിയ്ക്കേണ്ടതാണ്. ഇവർ തുടർന്നും നിർമ്മാണം പൂർത്തീകരിയ്ക്കാത്ത പക്ഷം തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ വിശദാംശം ചുവടെചേർക്കുന്നു.

1. തങ്കമ്മ, കണിയാംതറയിൽ (Ben ID - 725108) – 40000/- രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചില്ല.

2. ഷൈനി മാത്യു, മേവിളയിൽ, മുതുകുളം സൌത്ത്, (വാർഡ് - 7) – 200000/- രൂപ കൈപ്പറ്റിയെങ്കിലും ഫൌണ്ടേഷൻ വരെ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്.

## 1-41 സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുത ബിൽ- മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല-വിളക്കുകളുടെ എണ്ണത്തിന്റെ കൃത്യത സംയുക്ത പരിശോധനക്ക് വിധേയമാക്കണം

ഗ്രാമപഞ്ചായത്ത്, തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ ഇനത്തിൽ വലിയ തുക ഒടുക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നതിലേക്കായി 2021-22 വർഷം ആകെ 529023 രൂപ ചെലവഴിച്ചു(RP-13, പട്ടിക / ഹെഡ് കോഡ്-230100101). തെരുവ് വിളക്കുകൾക്കുള്ള സ്പോട്ട് ബില്ലിംഗിനായി പഞ്ചായത്ത് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി മുതുകുളം ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കുന്ന പ്രതിമാസ ബില്ലിന്റെ അടിസ്ഥാനത്തിലാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നത്. (കൺസ്യൂമർ നം-1157412012342) എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതി ബില്ലിലെ *കണക്റ്റഡ് ലോഡ് (45671Watts)* നെ സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഓഡിറ്റ് ബാച്ചിന്റെ നിർദ്ദേശത്തെ തുടർന്ന്(ഓഡിറ്റ് എൻക്വയറി നം- 03/21-22/26-08-22) കെ.എസ്സ്.ഇ.ബി മുതുകുളം ഇലക്ട്രിക്കൽ സെക്ഷൻ ബില്ലിംഗിന് പരിഗണിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ലഭ്യമാക്കി. ലഭ്യമാക്കിയ കണക്കിൽ ഫ്ലൂറസെന്റ് ട്യൂബുകളും സോഡിയം വേപ്പർ ലാമ്പുകളും ഉൾപ്പെടുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഗ്രാമപഞ്ചായത്ത് LED വിളക്കുകൾ മാത്രമാണ് വാങ്ങി സ്ഥാപിക്കുന്നത്. 2021-22 ലെ വാർഷിക പ്രോജക്ടിന്റെ ഭാഗമായുള്ള തെരുവ് വിളക്ക് മെയിന്റനൻസ് പ്രോജക്ടിലും നിരവധി LED ബൾബുകൾ വാങ്ങി സ്ഥാപിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഫ്ലൂറസെന്റ് ഉണ്ടായിരിക്കുവാൻ സാധ്യതയില്ല. എന്നാൽ കെ.എസ്.ഇ.ബി ബില്ലിംഗിനായി പരിഗണിക്കുന്ന തെരുവ് വിളക്കിന്റെ കണക്കുകളിൽ സോഡിയം വേപ്പർ ലാമ്പുകളും ഫ്ലൂറസെന്റ് ട്യൂബുകളും ഉൾപ്പെടെ ഉയർന്ന വൈദ്യുത ഉപഭോഗവും ഉയർന്ന പ്രതിമാസ നിരക്കുമുള്ള ഇനം തെരുവ് വിളക്കുകൾ ഉൾപ്പെടുന്നു. സംയുക്ത പരിശോധന നടത്താത്തതും ഗ്രാമപഞ്ചായത്ത് മാറ്റി സ്ഥാപിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി അക്കൌണ്ട് ചെയ്യാത്തതുമൂലവും വളരെ ഉയർന്ന പ്രതിമാസ വൈദ്യുത ബില്ലാണ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നത്. സംയുക്ത പരിശോധനയുടെ അഭാവം അയഥാർത്ഥമായ കണക്കുകളിലൂടെ കെ.എസ്.ഇ.ബി ബില്ലിംഗ് നടത്തുന്നതിനും ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്കുകളുടെ ബിൽ തുക ഉയരുന്നതിനുമിടയാക്കി.

മുതുകുളം കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, തരം, കണക്റ്റഡ് ലോഡ് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ട്രീറ്റ് ലൈറ്റിന്റെ തരം | എണ്ണം | വാട്ട്സ് | ആകെ വാട്ട്സ് |
|---|---|---|---|---|
| 1 | LED 1x12 | 113 | 12 | 1356 |
| 2 | LED 1x18 | 70 | 18 | 1260 |
| 3 | LED 1x30 | 980 | 30 | 29400 |
| 4 | LED 1x35 | 201 | 35 | 7035 |
| 5 | Sodium Vapour Lamp 1x250 | 18 | 250 | 4500 |

| ക്രമ നം. | സ്ട്രീറ്റ് ലൈറ്റിന്റെ തരം | എണ്ണം | വാട്ട്സ് | ആകെ വാട്ട്സ് |
|---|---|---|---|---|
| 6 | Fluorescent Tube- 1 X40 | 29 | 40 | 1160 |
| 7 | Fluorescent Tube-2x40 | 12 | 80 | 960 |
| ആകെ | | - | | 45671 |

ഓരോ വൈദ്യുത പോസ്റ്റിലും നിലവിലുള്ള വൈദ്യുത വിളക്കിന്റെ തരം ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ലാത്തത് കാരണം കെ.എസ്.ഇ.ബി അധികൃതർ നൽകുന്ന പ്രതിമാസ താരിഫ് നിരക്ക് കൂടിയ ഇൻകാൻഡസെന്റ്, ഫ്ലൂറസെന്റ്, സി.എഫ്.എൽ, സോഡിയം വേപ്പർ തെരുവ് വിളക്കുകൾ ഉൾപ്പെടുത്തിയുള്ള ഭാരിച്ച വൈദ്യുതി ബിൽ ഒടുക്കേണ്ട അവസ്ഥയാണ്.


തെരുവ് വിളക്കുകളുടെ 12 മണിക്കൂറുള്ള പ്രതി ദിന ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് ചുവടെ ചേർക്കുന്നു. (2020-21 ൽ ബാധകമായത്-കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ OP No.15/018 Dtd.08-07-19 കാണുക).

| Type Of Lamp | Watts | 12 മണിക്കൂർ ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് |
|---|---|---|
| Ordinary | 100 W | 406 |
| F.Tube | 2x 40 W | 326 |
| CFL | 15W | 46 |
| LED | 24 W | 41 |
| F.Tube | 1x 40 W | 159 |
| F.Tube | 2x 40 W | 326 |
| LED | 18 W | 27 |

(പട്ടിക പൂർണ്ണമല്ല)

ഊർജ്ജ ഉപഭോഗം കുറഞ്ഞ LED വിളക്കുകളുടെ പല മടങ്ങ് വൈദ്യുതി നിരക്ക് ഓഡിനറി, ഫ്ലൂറസെന്റ് വിളക്കുകൾക്ക് KSEB ഈടാക്കുന്നുണ്ട്. ഈ നിരക്ക് വ്യത്യാസം വ്യക്തമാക്കുന്നതിനായി ഒരു 2x40 Watts ഫ്ലൂറസെന്റ്ട്യൂബും 18 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം മേൽ പരാമർശിച്ച താരിഫ് നിരക്കിനെ ആസ്പദമാക്കി ചുവടെ ചേർക്കുന്നു.

*2x40 watts ഫ്ലൂറസെന്റ്ട്യൂബും 18 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം*




ഫ്ലൂറസെന്റ് ട്യൂബുകൾ, സോഡിയം വേപ്പർ ലാമ്പുകൾ തുടങ്ങിയ ഉയർന്ന ഉപഭോഗ നിരക്കുള്ള തെരുവ് വിളക്കുകൾ പഞ്ചായത്ത് പരിധിയിലുണ്ടെന്ന രീതിയിൽ ബില്ലിംഗ് നടത്തുന്ന കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിൽ നിന്നും അധിക നിരക്ക് ഈടാക്കുന്നു. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നാളിതുവരെയുണ്ടായിട്ടില്ലായെന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമതാൽപര്യങ്ങൾക്ക് വിരുദ്ധമാണ്.

പഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഏകപക്ഷീയമായി വൈദ്യുത ബോർഡ് തീരുമാനിക്കുന്ന രീതിയിലാണ് നടപ്പാക്കപ്പെടുന്നത്. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ബില്ലിംഗിന് ആധാരമാകുന്ന *തെരുവ് വിളക്കുകളുടെ തരം, വാട്ടേജ്, എണ്ണം (ട്യൂബ്, ഡബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ, സി.എഫ്.എൽ-ഡബിൾ, എൽ.ഇ.ഡി) എന്നീ വിവരങ്ങൾ* കെ.എസ്.ഇ.ബി അധികൃതരുമായുള്ള സംയുക്തപരിശോധന മുഖാന്തിരം സ്ഥിരീകരിച്ച് സ്ട്രീറ്റ് ലൈറ്റ് ബിൽതുക ക്രമീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതും സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-42 സാമൂഹ്യസുരക്ഷപെൻഷനുകൾ അനർഹർക്ക് ലഭിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തണം-അനർഹമായി വിതരണം ചെയ്ത തുക തിരികെ ഈടാക്കണം

സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വ്യക്തികൾക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ കേരള സർക്കാർ നൽകുന്ന സാമൂഹ്യസുരക്ഷപെൻഷനുകളിലേക്ക് എൻറോൾമെന്റ് നടത്തുക മരണം സംഭവിച്ചവരെ, അനർഹരെ പട്ടികയിൽ നിന്നും ഒഴിവാക്കുക എന്നീ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൗണ്ടിൽ പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നത് സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവുകളും സർക്കുലറുകളും ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിരുന്നു (സ.ഉ (എം.എസ്) നം.-97/2020 തീ.23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന). എന്നാൽ ഈ ഉത്തരവുകളും സർക്കുലറുകളും പാലിക്കപ്പെടുന്നില്ല. നിരവധി സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കൾ അനർഹമായി പെൻഷൻ കൈപ്പറ്റുകയും ആയത് ഗ്രാമപഞ്ചായത്ത് കണ്ടെത്തി അനർഹമായി നൽകിയ തുക തിരികെ ഈടാക്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ തുക തിരികെ ഈടാക്കുന്നതിന് ഇതുവരെയും കഴിഞ്ഞിട്ടില്ല. അനർഹരെന്ന് ഗ്രമപഞ്ചായത്ത് കണ്ടെത്തി സാമൂഹ്യസുരക്ഷ പെൻഷൻ നിർത്തലാക്കിയവരുടെയും അനർഹമായി കൈപ്പറ്റിയ തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് വിലാസം | സാമൂഹ്യസുരക്ഷപെൻഷൻ ഇനം | അനർഹമായ കാലയളവിൽ കൈപ്പറ്റിയ തുക | പഞ്ചായത്ത് അവസാനം നടത്തിയ |
| --- | --- | --- | --- |

| | | | |
|---|---|---|---|
| | | | കത്തിടപാടിന്റെ തീയതി |
| പൊന്നമ്മ, ചെങ്കിലാത്ത് പടീറ്റതിൽ മുതുകുളം തെക്ക് | വിധവ പെൻഷൻ | 36600 | 12-08-22 |
| സൌദാമിനി അമ്മ കാവുംചേരിൽ മുതുകുളം തെക്ക് | വാർദ്ധക്യ പെൻഷൻ | തുക നിർണ്ണയിച്ചിട്ടില്ല | 12-08-22 |
| തങ്കമണി വാഴശ്ശേരിൽ മുതുകുളം വടക്ക് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | തുക നിർണ്ണയിച്ചിട്ടില്ല | 12-08-22 |
| ചിദംബരൻ ഹരിശ്രീ ഭവൻ മുതുകുളം തെക്ക് | വാർദ്ധക്യകാല പെൻഷൻ | 30000 | 12-08-22 |
| ജഗദമ്മ തെക്കേതലക്കൽ മുതുകുളം വടക്ക് | വിധവ പെൻഷൻ | തുക നിർണ്ണയിച്ചിട്ടില്ല | 12-08-22 |

അനർഹമായ പെൻഷൻ തുക കണക്കാക്കിയിട്ടില്ലാത്തവരുടെ സംഗതിയിൽ ആയത് നിർണ്ണയിക്കുന്നതിനും അനർഹമായ തുക തിരികെ ഈടാക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തുനികുതി -റോഡ് സൌകര്യം പരിഗണിക്കാതെ വസ്തുനികുതി ചുമത്തിയത് വരുമാന ചോർച്ചക്കിടയാക്കി- വസ്തുനികുതി പുനനിർണ്ണയിച്ച് നഷ്ടമായ തുക ഈടാക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. ടി ചട്ടത്തിലെ പട്ടിക -2 കെട്ടിടത്തിലേക്കുള്ള വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴിസൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ പരിശോധനയിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വഴി സൌകര്യത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി സൌകര്യം രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ചുവടെ ചേർക്കുന്ന പട്ടികയിലെ എല്ലാ കെട്ടിടങ്ങൾങ്ങൾക്കും 1.5 മീറ്ററിൽ കൂടുതൽ വിസ്തുതിയുള്ള വഴി സൌകര്യം എന്ന നിലക്കാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ നമ്പരും ഉടമയുടെ പേരും ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | റോഡിന്റെ വിസ്തൃതി | ആകെ വിസ്തൃതി | അടിസ്ഥാന വസ്തുനികുതി നിരക്ക് | റോഡ് വിസ്തൃതിക്കനുസൃതമായ വർദ്ധനവ് ചുമത്താത്ത് മൂലമുള്ള നഷ്ടം* |
|---|---|---|---|---|---|---|
| 1 | 7/133 A | രാഹുൽ .ആർ, അമ്പാടി | 6 M റോഡ് | 124.53 | 7 | 259.434 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 10/371 B | രജീഷ്, റോഷ്മ, രവിമന്ദിരം | 6 M റോഡ് | 39.06 | 40 | 312.48 |
| 3 | 10/213 F | ഗോപി ആചാരി,ചിൻമയ | 6 M റോഡ് | 21.78 | 40 | 174.24 |
| 4 | 2/361 C | ജയചന്ദ്രൻ പിള്ള, കല്ലേലിൽ തെക്കതിൽ | 6 M റോഡ് | 124.49 | 50 | 1244.9 |
| 5 | 11/300 A | സുനിൽ, നിവേദ്യം | 6m റോഡ് | 116.98 | 7 | 293.174 |
| 6 | 2/461 G | ഗോമതി, പുളിക്കൽ | 6m റോഡ് | 110.14 | 7 | 163.62 |
| 7 | 3/368 B | ശ്രീകുമാരി, താനത്തുപറമ്പിൽ | 6m റോഡ് | 176.95 | 7 | 247.73 |

റോഡ് വിസ്തൃതിക്കനുസൃതമായി കെട്ടിടങ്ങളെ വസ്തുനികുതി ചുമത്തി ഈടാക്കാത്തതുമൂലം വസ്തുനികുതി ഡിമാൻഡിൽ 2695.578 രൂപയുടെ കുറവുണ്ടായി . ( *നികുതി അപ്പർറൌണ്ടിംഗ് ആയതിനാൽ ആകെ വസ്തുനികുതിയിൽ ചെറിയ മാറ്റം വന്നേക്കാം) വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 2-2 ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഡ്രൈവറുടെ തൊഴിൽ നികുതി ഈടാക്കിയില്ല-

ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർ ജീവനക്കാരിൽ നിന്നും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയില്ല. ഈ കാലയളവിൽ ജോലിചെയ്തിരുന്നവരുടെ പേര് വിവരം, ചുമത്തേണ്ട തൊഴിൽ നികുതി എന്നിവ ചുവടെ ചേർക്കുന്നു.

| പേര് | കാവയളവ് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| ശ്രീ.രതീഷ് | ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ | 83220 | 750 (I Half) |
| ശ്രീ. രതീഷ് | ഒക്ടോബർ മുതൽ ഡിസംബർ വരെ | 41610 | 360 (II Half) |
| ശ്രീ. രബീഷ് | ജനുവരി മുതൽ മാർച്ച് വരെ | 43800 | 360 (II Half) |

തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വെള്ളക്കരം അടവാക്കൽ - യഥാസമയം ഒടുക്ക് വരുത്താതിനാൽ പലിശ ഒടുക്കേണ്ടി വന്നു

പ്രോജക്ട് നമ്പർ - S0013/22

അടങ്കൽ - 1155000/- ( മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്)

നിർവ്വഹണം - സെക്രട്ടറി

ചെലവ്

ബിൽ നമ്പർ - 2107095201110017 7744/1.7.21/ – 289599/-

ബിൽ നമ്പർ - 21070952011100180395/7.7.21 – 100356/-

ബിൽ നമ്പർ - 21070952011100295083/11.8.21– 94640 /-

ബിൽ റഫറൻസ് നമ്പർ - 21070952011100414019/16.9.21 – 94640/-

ബിൽ റഫറൻസ് നമ്പർ - 21070952011100522065/16.10.21 – 94640/-

ബിൽ റഫറൻസ് നമ്പർ - 21070952011100654865/16.11..21 – 94640/-

ബിൽ റഫറൻസ് നമ്പർ - 21070952011100779819/13.12..21 – 94640/-

ബിൽ റഫറൻസ് നമ്പർ - 21070952011100929020/12.1..21 – 94640/-

ബിൽ റഫറൻസ് നമ്പർ - 21070952011101117753/14.2.22 – 94640/-

ബിൽ റഫറൻസ് നമ്പർ - 2107095201101298656/10.3.22 – 94640/-

ഗ്രാമപഞ്ചായത്തിലെ വെള്ളക്കരത്തിന്റെ ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ സാമ്പത്തികവർഷാരംഭത്തിൽ വെള്ളക്കരം ഇനത്തിൽ യാതൊരു തുകയും കുടിശ്ശിക ഉണ്ടായിരുന്നില്ല. വാട്ടർ അതോറിറ്റിയുടെ 13.4.21 ലെ 50932 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 206 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 94640/- രൂപ (കുടിശ്ശികയൊന്നുമില്ലാതെ) ഡിമാന്റ് ചെയ്തിട്ടുണ്ട്. തുടർന്ന് മെയ് മാസത്തിലെ 52314/18.5.21 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 1893/- രൂപയും ജൂൺ മാസത്തിലെ 52963/8.6.21 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 3786/- രൂപയും ജൂലൈ മാസത്തിലെ 53625/5.7.21 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 5716/- രൂപയും പലിശയിനത്തിൽ ഡിമാന്റ് ചെയ്യുകയും ഒടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പലിശ ഒടുക്കുവാനുണ്ടായ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.13/ 30.8.22 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വെള്ളക്കരം ഒടുക്കുവാനായി പ്രോജക്ട് ആവിഷ്കരിച്ചിരുന്നുവെന്നും അതിന് അംഗീകാരം ലഭിച്ചതിന് ശേഷം തുക ഒടുക്കിയതിനാലാണ് പലിശ അടവാക്കേണ്ട സാഹചര്യം ഉണ്ടായതെന്നുമാണ്. എന്നാൽ തനത് ഫണ്ടുള്ള ഗ്രാമപഞ്ചായത്തിന് അതിൽ നിന്ന് തുക ഒടുക്കിയ ശേഷം പ്രോജക്ട് അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് തുക റീ ക്ലപ്പ് ചെയ്യാമെന്നിരിക്കെ ആയത് ചെയ്യാതിരുന്നത് വഴി പലിശയിനത്തിൽ ഉണ്ടായ അധിക ചെലവ് 11395/- രൂപ അനുവദിയ്ക്കുന്നില്ല. തുക സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

## 3-2 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത – സ്പോർട്സ് ഉപകരണങ്ങളിൽ ഉൾപ്പെടുത്തി ഷൂ വാങ്ങുന്നതിന് തുക ചെലവഴിച്ചു

പ്രോജക്ട് നമ്പർ- SO123/22

അടങ്കൽ -119424/- (വികസനഫണ്ട് -സാധാരണവിഹിതം)

ചെലവ് -

ബിൽ റഫറൻസ് നമ്പർ - 21070952011101240439/5.3.22 – 119424/-

നിർവ്വണം - സെക്രട്ടറി

ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം പ്രോജക്ടിലുൾപ്പെടുത്തി 9952/- രൂപ മൂല്യം വരുന്ന 12 സെറ്റ് സ്പോർട്സ് ഉപകരണങ്ങൾ പുഷ്പ ഡിപ്പാർട്ട്മെന്റ് സ്റ്റോർ, മാവേലിക്കരയെന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിട്ടുണ്ട്. വിതരണ രേഖകൾ പരിശോധിച്ചതിൽ ആകെ 10 ക്ലബ്ബുകൾക്ക് മാത്രമാണ് സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. അതിൽതന്നെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാത്ത മഹാത്മ സ്പോർട്സ് ക്ലബ്ബ്, മുതുകുളം ക്രിക്കറ്റ് ക്ലബ്ബ് എന്നിവയ്ക്ക് സ്പോർട്സ് കിറ്റ് നൽകിയിട്ടുണ്ട്. കൂടാതെ പ്രോജക്ടിലുൾപ്പെടുത്തി സ്പോർട്സ് ഷൂകൾ വാങ്ങി നൽകിയിട്ടുണ്ട്. ഇപ്രകാരം സ്പോർട്സ് കിറ്റ് വിതരണ പ്രോജക്ടിലുൾപ്പെടുത്തി സ്പോർട്സ് ഉപകരണം അല്ലാത്തതും ഒരു വ്യക്തിഗത ആനുകൂല്യത്തിന്റെ പരിധിയിൽ വരുന്നതുമായ സ്പോർട്സ് ഷൂകൾ വാങ്ങി നൽകിയത് ക്രമപ്രകാരമല്ല. 12 ജോഡി സ്പോർട്സ് ഷൂകൾ വാങ്ങുന്നതിനായി ചെലവഴിച്ച 10320/- രൂപയുടെ ചെലവ് അനുവദിയ്ക്കുന്നില്ല. തുക സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു. രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാത്ത മഹാത്മ സ്പോർട്സ് ക്ലബ്ബ്, മുതുകുളം ക്രിക്കറ്റ് ക്ലബ്ബ് എന്നിവയ്ക്കായും വിതരണം ചെയ്യാത്ത രണ്ട് സെറ്റ് സ്പോർട്സ് കിറ്റുകൾക്കായും ചെലവഴിച്ച 36301/- രൂപയുടെ (ഷൂവിന്റെ വില ഒഴിവാക്കി) ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 30/1.9.22 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

### 3-3 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ ,S090/21 - എസ്റ്റിമേറ്റിൽ അധികരിച്ച് തുക ചെലവഴിച്ചു

ഗവ.എൽ.പി.എസ്, എസ്.എൻ.എം യു.പി.എസ്, കെ.വി സാൻസ്ക്രിറ്റ് എച്ച്.എസ്.എസ്, കുറുമ്പകര യു.പി.എസ്, കെ.എ.എം എൽ പി&യു.പി.എസ് എന്നീ സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ അടങ്കൽ 18,40,000 രൂപയായിരുന്നു. 2019-20, 2021-22 വർഷങ്ങളിലായി താഴെ പറയും പ്രകാരം 913653 രൂപ ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| 368000 | ചെക്ക് നം.686401/30.01.20 |
| 545653 | ചെക്ക് നം.020962/17.12.21 |
| 913653 | |

അപാകതകൾ താഴെ കൊടുക്കുന്നു.

1) എസ്റ്റിമേറ്റിൽ അധികരിച്ച് തുക ചെലവഴിച്ചു.

Item 5, Steel Reinforcement For RCC എന്ന ഇനം എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്നത് താഴെ പറയും പ്രകാരമായിരുന്നു.

ഗവ.എൽ.പി.എസ്, മുതുകുളം - 37.434

എസ്.എൻ.എം യു.പി.എസ് -37.434

കെ.വി സാൻസ്ക്രിറ്റ് എച്ച്.എസ്.എസ് - 37.434

കുറുമ്പകര യു.പി.എസ് -37.434

കെ.എ.എം എൽ പി&യു.പി.എസ് - 74.868

ആകെ 224.604 Kg@ 78.68=17672

എം ബുക്കിൽ, 354.55 Kg ചെയ്തതായി രേഖപ്പെടുത്തി എസ്റ്റിമേറ്റ് നിരക്കായ 224.604 Kg ൽ ലിമിറ്റ് ചെയ്ത് തുക അനുവദിച്ചിരിക്കുന്നു. കെ.വി സാൻസ്ക്രിറ്റ് എച്ച്.എസ്.എസ് - 37.434, കുറുമ്പകര യു.പി.എസ് -37.434 എന്നിവിടങ്ങളിൽ പ്രവൃത്തി നടന്നിട്ടില്ലാത്ത സാഹചര്യത്തിൽ, 74.868 Kg അംഗീകരിക്കാൻ കഴിയില്ല. 74.868kg @ 78.68=5890.61

2) കയർ പിത്ത് ഇനോക്കുലത്തിന്റെ നിരക്ക്(1000kg@15/kg) കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അത് അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. പ്രവൃത്തി ഇതേ വരെയും പൂർത്തീകരിച്ചിട്ടില്ല. എന്നാൽ 1st & ഫൈനൽ എന്ന രീതിയിലാണ് ആകെ മൂല്യം 913653 ആയി കണക്കാക്കിയിട്ടുള്ളത്.

3) ഐ.ആർ.റ്റി.സി എന്ന സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. 19.12.19 ലെ മുദ്രപത്രം മാത്രമാണ് ഫയലിലുള്ളത്.

4)എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്കൂളുകൾക്ക് കൈമാറിയിട്ടില്ല. യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, ഐ.ആർ.റ്റി.സി എന്ന അക്രഡിറ്റഡ് ഏജൻസിയാണ് എം ബുക്കിൽ അളവ് രേഖപ്പെടുത്തിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ തുക പിൻവലിച്ച് നൽകുക മാത്രമാണ് ചെയ്തതെന്നും ബിൽ തയ്യാറാക്കിയ വേളയിൽ കോവിഡ് ആയതിനാലാണ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാതിരുന്നതെന്നും മറുപടി നൽകി. എം ബുക്കിൽ അളവ് രേഖപ്പെടുത്തിയതും ചെക്ക് മെഷർ ചെയ്തതും ഐ.ആർ.റ്റി.സി ഉദ്യോഗസ്ഥരാണെങ്കിലും തുക അനുവദിക്കുന്നതിന് മുൻപ് പ്രവൃത്തികളുടെ മൂല്യം പരിശോധിക്കേണ്ടുന്ന ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥക്കുണ്ട്. എസ്റ്റിമേറ്റിൽ അധികരിച്ച് ചെലവഴിച്ച 5891 രൂപ ഐ.ആർ റ്റി സിയിൽ നിന്നും ഈടാക്കേണ്ടതാണ്. കമ്പോസ്റ്റ് യൂണിറ്റിന്റെ പ്രവർത്തനം ഇതേ വരെയും ആരംഭിക്കാത്ത സാഹചര്യത്തിൽ 5891 രൂപ കഴിച്ചുള്ള തുക, 907762 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്കൂളുകളുമായി കരാർ ചമച്ച് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-4 നെടുവക്കാട് ഗായത്രി റോഡ് പാർശ്വഭിത്തി നിർമ്മാണം ,S0144/21 - അപാകതകൾ

നെടുവക്കാട് ഗായത്രി റോഡിന് പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കൽ എന്ന പദ്ധതിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ | 500000(MGR) |
| കരാർ നം. | 15/AE/LID&LW/MKLM/22/2/21 |
| കരാറുകാരൻ | സോമരാജൻ |
| എഗ്രീഡ്. | 446062.20 |

| | |
|---|---|
| പി.എ.സി | |
| ആകെ മൂല്യം | 436946.56 |
| എം ബുക്ക് നം | 19/20-21 |
| ചെലവ് വിവരം | 489380/ബിൽ ക്രമ നം.16/27.03.22 |

എസ്കവേറ്റ് ചെയ്ത മണ്ണിന്റെ അളവ് ഫില്ലിംഗിന്റെ അളവിൽ നിന്നും കുറവ് ചെയ്തില്ല.

ഈ പ്രവൃത്തിയുടെ ഇനം. 1 പ്രകാരം 21.44m3 മണ്ണ് എസ്കവേറ്റ് ചെയ്തിട്ടുണ്ട്(21.44m3@259.29/m3). എസ്കവേറ്റ് ചെയ്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ എം ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

ഇതേ പ്രവൃത്തിയിൽ തന്നെ Item 6 ആയി 65.52m3, Embankment Construction നം (65.52m3@1022.81/m3 = 67014.51) നടത്തിയിട്ടുണ്ട്. ഫില്ലിംഗ് നടത്തിയ 65.52m3 ൽ നിന്നും എസ്കവേറ്റ് ചെയ്ത മണ്ണിന്റെ അളവായ 21.44m3 കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു. (65.52m3 - 21.44m3 = 44.08m3)

ഫില്ലിംഗിന് അനുവദനീയമായ തുക 44.08m3@1022.81/m3 = 45085.46

അധികമായി അനുവദിച്ച തുക = 67014.51-45085.46 = 21929

പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല - പിഴ ഈടാക്കിയതിൽ കുറവ്

22/2/21 ൽ കരാർ ചമച്ച പ്രവൃത്തി പൂർത്തീകരിച്ചത് 23.03.22 ൽ മാത്രമാണ്. ആകെ മൂല്യത്തിന്റെ 1%(4369) മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. പി.ഡബ്ല്യു.ഡി മാനുവൽ അനുശാസിക്കും പ്രകാരം പി.എ.സി യുടെ അടിസ്ഥാനത്തിലാവണം പിഴ ഈടാക്കേണ്ടത്.

എസ്കവേറ്റ് ചെയ്ത മണ്ണിന്റെ അളവ് ഫില്ലിംഗിന്റെ അളവിൽ നിന്നും കുറവ് ചെയ്യുകയോ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(24/31.08.22) മറുപടി ലഭിച്ചില്ല. കരാറുകാരന് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതും യഥാസമയം പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പി.ഡബ്ല്യു.ഡി മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-5 ഇടശ്ശേരി കാടാശ്ശേരി റോഡ് റീ-ടാറിംഗ്, S053/21 - പിഴ ഈടാക്കിയതിൽ കുറവ്

| | |
|---|---|
| അടങ്കൽ | 500000/-MGR |
| കരാർ നം | 14/AE/LID&EW/20-21/22.02.21 |
| കരാറുകാരൻ | സിയാദ് |
| എഗ്രീഡ്. പി.എ.സി | 446354.44 |
| ആകെ മൂല്യം | 353800.72<br>(353800.72+42456.08=396257) |
| എം ബുക്ക് നം | 18/20-21 |
| ചെലവ് വിവരം | 62519, ബിൽ ക്രമ നം.19/27.03.22<br>330645, ബിൽ ക്രമ നം.13/25.03.22 |

വാർഡ് 14 ലെ ഇടശ്ശേരി കാടാശ്ശേരി റോഡ് റീ-ടാറിംഗ് എന്ന ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 45 ദിവസമായിരുന്നു. എന്നാൽ 22.02.21ൽ കരാർ ചമച്ച പ്രവൃത്തി പൂർത്തീകരിച്ചതാവട്ടെ 26.03.22 ലും. കരാർ ചമച്ച് ഒരു വർഷത്തിന് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചത്.

കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. 27.12.21 ൽ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് എ.ഇ, സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ കാലാവധി ദീർഘിപ്പിച്ചതായി കാണുന്നില്ല. പി.എ.സി യുടെ അടിസ്ഥാനത്തിലാണ് പിഴ ഈടാക്കേണ്ടത് എന്നിരിക്കെ ആകെ മൂല്യത്തിന്റെ 1%, 3538 രൂപ മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. ലോക്ക് ഡൗണിന്റെ സാഹചര്യത്തിൽ പിഴ കൂടാതെ 6 മാസം കാലയളവ് ദീർഘിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ ടി കാലയളവ് അനുവദിച്ചാൽ പോലും 10/22 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. PWD മാനുവൽ അനുശാസിക്കും പ്രകാരം PAC യുടെ 3% പിഴ കരാറുകാരനിൽ

നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. PAC യുടെ 3%, 13391 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതിന് പകരം ആകെ മൂല്യത്തിന്റെ 1%, 3538 രൂപ മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. ബാലൻസ് 9853 രൂപ കൂടി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 50000 | അനുപൂരക പോഷകാഹാര പദ്ധതി | 50000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 211050 | സ്കോളർഷിപ്പ് | 211050 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 400000 | പാലിന് സബ്സിഡി | 400000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 1000000 | ലൈഫ് മിഷൻ | 0 | 1000000 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 782500 | ലൈഫ് മിഷൻ(എസ്.സി) | 782500 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 211050 | സ്കോളർഷിപ്പ് | 211050 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 22100905 22100832 22100833 22100860 | 749890 | 0 | 749890 |
| KWA | ജലജീവൻ പദ്ധതി | 22100928 | 431656 | 0 | 431656 |
| COST FORD | എം.സി.എഫ് നിർമ്മാണം | 22100937 22100938 | 1223560 | 0 | 1223560 |

| | | | | | |
|---|---|---|---|---|---|
| | | 22100940<br>22100969 | | | |
| KWA | കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൌസ് നിർമ്മാണം | 22100995 | 500000 | 0 | 500000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നല്കിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ- ഹഡ്കോ വായ്പ | | ഇല്ല | 29178106 | 2493334 | - | 26684772 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 72053735 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 60558249 |
| വരവിനങ്ങളിലുള്ള നഷ്ടം | : 4166 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 59388 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 3967395 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2696 | | ജെ.ബീനാമോൾ, സെക്രട്ടറി |
| 2-2 | 1470 | | ജെ.ബീനാമോൾ, സെക്രട്ടറി |
| 3-1 | | 11395 | ജെ.ബീനാമോൾ, സെക്രട്ടറി |
| 3-2 | | 10320 | ജെ.ബീനാമോൾ, സെക്രട്ടറി |
| 3-3 | | 5891 | ലിജി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4(1) | | 21929 | ലിജി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 9853 | ലിജി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 4166 | 59388 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 50000 | ജെ.ബീനാമോൾ, സെക്രട്ടറി |
| 1-20 | 36301 | ജെ.ബീനാമോൾ, സെക്രട്ടറി |
| 1-21 | 431656 | ജെ.ബീനാമോൾ, സെക്രട്ടറി |
| 1-22 | 56025<br>54660 | ജെ.ബീനാമോൾ, സെക്രട്ടറി |
| 1-23 | 75000 | കിരൺ, വി.ഇ.ഒ |
| 1-24 | 500000 | ജെ.ബീനാമോൾ, സെക്രട്ടറി |
| 1-25 | 500000 | ജെ.ബീനാമോൾ, സെക്രട്ടറി |
| 1-27 | 44414 | ഡോ തനൂജ ,മെഡിക്കൽ ഓഫീസർ, സി.എച്ച് .സി |
| 1-28 | 11577 | ഡോ അജിത്ത് കുമാർ ,മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 1-31 | 907762 | ലിജി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-37 | 400000 | കിരൺ, വി.ഇ.ഒ |
| 1-38 | 800000 | കിരൺ, വി.ഇ.ഒ |
| 1-39 | 100000 | കിരൺ, വി.ഇ.ഒ |
| ആകെ | 3967395 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജെ.ബീനാമോൾ, സെക്രട്ടറി | സെക്രട്ടറി, മുതുകുളം ഗ്രാമപഞ്ചായത്ത് | നഹാസ് വില്ല,കണ്ടല്ലൂർ സൌത്ത്, കണ്ടല്ലൂർ പി.ഒ |

| | | |
|---|---|---|
| ലിജി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മുതുകുളം ഗ്രാമപഞ്ചായത്ത് | എസ്.എസ് മൻസിൽ,വേങ്ങ പിഓ,ശാസ്താംകോട്ട |
| നിള.എം, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ മുതുകുളം ഗ്രാമപഞ്ചായത്ത് | ജോസ് വില്ല , കൈനകരി.പി.ഓ ,ആലപ്പുഴ |
| കിരൺ, വി.ഇ.ഒ | വി.ഇ.ഒ | കോലെടുത്ത് വടക്കത്തിൽ , തെക്കേക്കര പി ഓ ,മാവേലിക്കര |
| ഡോ തനൂജ ,മെഡിക്കൽ ഓഫീസർ, സി.എച്ച് .സി | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി മുതുകുളം | തൊട്ടുകയിൽ വീട്, പട്ടംതുരുത്ത് .പി.ഒ, പെരിനാട് ,കൊല്ലം |
| ഡോ അജിത്ത് കുമാർ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഡിസ്പെൻസറി ,മുതുകുളം | ചൈതന്യ ,മരത്തൂർ, നെയ്യാറ്റിൻകര |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 മുതൽ 2003-04 വരെ | എൽ.എഫ്.ജി.എ.5-1832/11, തീയതി – 31.01.2012 |
| 2005-06 | എൽ.എഫ്.ജി.എ.13-1174/13, തീയതി – |
| 2006-07 | എൽ.എഫ്.ജി.എ.13-699/10, തീയതി – 18.12.2010/31.12.2010 |
| 2007-08 | എൽ.എഫ്.പി7-607/12 തീയതി – 08.02.2012 |
| 2008-09 | എൽ.എഫ്.എ.പി4-820/12, തീയതി – 05.11.2012 |
| 2009-10 | എൽ.എഫ്.എ.പി4-1403/13, തീയതി – 21.02.2014/05.04.2014 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി4-1403/13, 21.02.2014/05.04.2014 |
| 2013-14 | കെ.എസ്.എ-എ.എൽ.പി.പി4-202/16, 15.03.2016 |
| 2014-15 | കെ.എസ്.എ-എ.എൽ.പി.പി4-760/16, 07.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി.പി4-1529/16, 31.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി.പി4-865/17, 05.07.2017 |
| 2017 -18 | കെ.എസ്.എ-എ.എൽ.പി.പി4-206/19, 11.03.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി.പി4-1113/19, 28.01.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി.പി4-1158/21, 19.03.22 |
| 2020-21 | കെ.എസ്.എ-എ.എൽ.പി.പി4-1159/21, 19.03.22 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്